# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തച്ചമ്പാറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ. പി.കെ.ഡി. 9/20/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 16/02/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തച്ചമ്പാറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ. പി.കെ.ഡി. 9/20/22 തീയ്യതി: 16/02/2022

## പാലക്കാട് ജില്ലയിലെ തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-12-2019 മുതൽ 10-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-12-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| എൻ. സതീശൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 13-12-2021 | 29-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-12-2021 | 29-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ബിജു ആന്റണി.യു., ഓഡിറ്റ് ഓഫീസർ
ശ്രീമതി. വി.ടി.ഉഷാകുമാരി, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി. കെ.ആർ. രമാദേവി, സീനി. ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. കെ.അനിത, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ഫിർദൗസ.പി. | പ്രസിഡന്റ് | 01-04-2019 | 31-05-2019 |
| ശ്രീമതി. രമണി. കെ. | പ്രസിഡന്റ് | 01-06-2019 | 31-03-2020 |
| ശ്രീ. ഷിനിൽ .സി.എൻ | സെക്രട്ടറി | 01-04-2019 | 13-07-2019 |
| ശ്രീ. സാബു.പി.പി. | സെക്രട്ടറി | 14-07-2019 | 29-11-2019 |
| ശ്രീ.റ്റി.എസ്. ഗോപീകൃഷ്ണൻ | സെക്രട്ടറി | 30-11-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സുരേഷ്.പി. | അസി. സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ. ഗോപകുമാർ. എ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 15-11-2019 |
| ശ്രീമതി. മല്ലിക.എ.പി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 16-11-2019 | 31-03-2020 |
| ശ്രീമതി. ശാന്തിനി.എസ്. | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.വനജ.പി | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ഡോ. ഹണി റോസ് | മെഡിക്കൽ ഓഫീസർ ( സി.എച്ച്.സി) (അലോപ്പതി) | 01-04-2019 | 31-03-2020 |
| ശ്രീമതി. സ്നേഹ | വെറ്റിനറി സർജൻ | 01-04-2019 | 01-02-2020 |
| ശ്രീമതി. സൂസൻ ചെറിയാൻ | വെറ്റിനറി സർജൻ | 02-02-2020 | 31-03-2020 |
| ശ്രീമതി. കണ്ണമ്മ.വി.ആർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ശ്യാമ.എം. എ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 13-06-2019 |
| ശ്രീ. ജയകുമാർ. ആർ.ജി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 14-06-2019 | 31-03-2020 |
| ശ്രീമതി.സിത്താര.പി | അസി.എഞ്ചിനീയർ | 01-04-2019 | 20-07-2019 |

| | | | |
|---|---|---|---|
| ശ്രീ.അരുൺ. എസ്.ആർ | അസി.എഞ്ചിനീയർ | 21-07-2019 | 02-11-2019 |
| ശ്രീ.രാജൻ.എൻ.എ | അസി.എഞ്ചിനീയർ | 03-11-2019 | 29-01-2020 |
| ശ്രീ.അരുൺ. എസ്.ആർ | അസി.എഞ്ചിനീയർ | 30-01-2020 | 24-02-2020 |
| ശ്രീ. റഷീദ്. ഇ | അസി.എഞ്ചിനീയർ | 25-02-2020 | 31-03-2020 |

-

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: V.T. Ushakumari (Asst. Audit Officer, On 21-12-2021)<br>Last Updated By: Anish A (Computer Assistant, On 15-02-2022) | 1-1 |
| 2 | ബജറ്റ് രൂപീകരണ പ്രക്രിയ<br>Written By: V.T. Ushakumari (Asst. Audit Officer, On 29-12-2021)<br>Last Updated By: C.S.Santhosh (Audit Officer, On 05-01-2022) | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രിക<br>Written By: Anitha K (Auditor, On 28-12-2021)<br>Last Updated By: C.S.Santhosh (Audit Officer, On 05-01-2022) | 1-2 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് &പേയ്മെന്റ് പ്രകാരം)<br>Written By: Anitha K (Auditor, On 28-01-2022)<br>Last Updated By: Anitha K (Auditor, On 28-01-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം (ACR പ്രകാരം)<br>Written By: V.T. Ushakumari (Asst. Audit Officer, On 29-12-2021)<br>Last Updated By: Anish A (Computer Assistant, On 16-02-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: V.T. Ushakumari (Asst. Audit Officer, On 29-12-2021)<br>Last Updated By: Anish A (Computer Assistant, On 16-02-2022) | 1-5 |
| 7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: Biju Antony (Audit Officer, On 29-12-2021)<br>Last Updated By: C.S.Santhosh (Audit Officer, On 05-01-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികളുടെ വിവരം<br>Written By: V.T. Ushakumari (Asst. Audit Officer, On 29-12-2021)<br>Last Updated By: V.T. Ushakumari (Asst. Audit Officer, On 07-01-2022) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Anitha K (Auditor, On 16-12-2021)<br>Last Updated By: C.S.Santhosh (Audit Officer, On 05-01-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: V.T. Ushakumari (Asst. Audit Officer, On 30-12-2021)<br>Last Updated By: Anish A (Computer Assistant, On 16-02-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Biju Antony (Audit Officer, On 28-12-2021)<br>Last Updated By: Anish A (Computer Assistant, On 15-02-2022) | 1-10 |
| 12 | സുലേഖയിലെ ചെലവ് പത്രികയിൽ ഗുണഭോക്തൃ വിഹിതം ചെലവ് ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Ramadevi.K.R (Senior Grade Auditor, On 29-12-2021)<br>Last Updated By: Anish A (Computer Assistant, On 15-02-2022) | 1-11 |
| 13 | തൊഴിൽ നികുതി<br>Written By: Anitha K (Auditor, On 29-12-2021)<br>Last Updated By: Anitha K (Auditor, On 29-12-2021) | 1-12 |
| 14 | ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിട്ടില്ല<br>Written By: Anitha K (Auditor, On 29-12-2021)<br>Last Updated By: Anish A (Computer Assistant, On 15-02-2022) | 1-12-1 |
| 15 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Anitha K (Auditor, On 29-12-2021)<br>Last Updated By: Anish A (Computer Assistant, On 15-02-2022) | 1-12-2 |
| 16 | ഭേദഗതി ചട്ടപ്രകാരമുള്ള ലൈസൻസ് നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്<br>Written By: Anitha K (Auditor, On 29-12-2021)<br>Last Updated By: Anish A (Computer Assistant, On 15-02-2022) | 1-13 |
| 17 | കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ സാക്ഷ്യപത്രം | 1-14 |

| | | |
|---|---|---|
| | ലഭ്യമാക്കേണ്ടതാണ്<br>Written By: Ramadevi.K.R (Senior Grade Auditor, On 29-12-2021)<br>Last Updated By: Anish A (Computer Assistant, On 15-02-2022) | |
| 18 | എ.ബി.സി പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്<br>Written By: Ramadevi.K.R (Senior Grade Auditor, On 29-12-2021)<br>Last Updated By: Anish A (Computer Assistant, On 15-02-2022) | 1-15 |
| 19 | അംഗീകൃത പദ്ധതിക്ക് വിരുദ്ധമായി സബ്സിഡി വിനിയോഗിച്ചു- തുക തിരികെ ഈടാക്കണം<br>Written By: V.T. Ushakumari (Asst. Audit Officer, On 30-12-2021)<br>Last Updated By: Anish A (Computer Assistant, On 15-02-2022) | 1-16 |
| 20 | അംഗീകാരം നേടിയ പദ്ധതികൾ നടപ്പിലാക്കിയില്ല-പദ്ധതികൾ ലക്ഷ്യം നേടിയില്ല.<br>Written By: V.T. Ushakumari (Asst. Audit Officer, On 29-12-2021)<br>Last Updated By: Anish A (Computer Assistant, On 15-02-2022) | 1-17 |
| 21 | സെക്രട്ടറി നടപ്പിലാക്കുന്നതിന് അംഗീകാരം നേടിയ പദ്ധതികൾ ഉപേക്ഷിച്ചു<br>Written By: V.T. Ushakumari (Asst. Audit Officer, On 29-12-2021)<br>Last Updated By: Anish A (Computer Assistant, On 15-02-2022) | 1-18 |
| 22 | പ്രൊജക്ട് ഉപേക്ഷിച്ചു- പട്ടികജാതി വികസനഫണ്ട്(TSP) ലാപ്സ് ആയി<br>Written By: V.T. Ushakumari (Asst. Audit Officer, On 29-12-2021)<br>Last Updated By: Anish A (Computer Assistant, On 15-02-2022) | 1-19 |
| 23 | ഇ-ടെണ്ടർ മുഖേന നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ ഒറ്റ ടെണ്ടർ മാത്രമുള്ള പ്രവൃത്തികൾ അംഗീകരിച്ചിരിക്കുന്നു<br>Written By: Biju Antony (Audit Officer, On 01-01-2022)<br>Last Updated By: Anish A (Computer Assistant, On 16-02-2022) | 1-20 |
| 24 | മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് കോൺക്രീറ്റിങ്ങ് പ്രവൃത്തികൾ നിർവ്വഹിച്ചപ്പോൾ തീരുമാനം എടുത്തില്ല<br>Written By: Biju Antony (Audit Officer, On 01-01-2022)<br>Last Updated By: Anish A (Computer Assistant, On 15-02-2022) | 1-21 |
| 25 | കണക്ടിവിറ്റി പ്ലാൻ നടപ്പിലാക്കിയില്ല; വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വച്ച് സമഗ്രമല്ലാത്ത പ്രവൃത്തികൾ ഏറ്റെടുക്കുന്നു<br>Written By: Biju Antony (Audit Officer, On 01-01-2022)<br>Last Updated By: Anish A (Computer Assistant, On 15-02-2022) | 1-22 |
| 26 | ക്യാഷ് ബുക്ക് കാലികമാക്കി സൂക്ഷിച്ചിട്ടില്ല<br>Written By: Biju Antony (Audit Officer, On 01-01-2022)<br>Last Updated By: Anish A (Computer Assistant, On 15-02-2022) | 1-23 |
| 27 | മരാമത്ത് പ്രവൃത്തികളിൽ രേഖകളുടെയും റജിസ്റ്ററുകളുടെയും സൂക്ഷിപ്പ്<br>Written By: Biju Antony (Audit Officer, On 01-01-2022)<br>Last Updated By: Anish A (Computer Assistant, On 15-02-2022) | 1-24 |
| 28 | നിർദിഷ്ട നിരക്കിലുള്ള മുദ്രപത്രത്തിൽ കരാർ വെച്ചിട്ടില്ല<br>Written By: Biju Antony (Audit Officer, On 29-12-2021)<br>Last Updated By: Anish A (Computer Assistant, On 15-02-2022) | 1-25 |
| 29 | നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രമെന്റ് വെച്ചിട്ടില്ല, നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല<br>Written By: Biju Antony (Audit Officer, On 29-12-2021)<br>Last Updated By: Anish A (Computer Assistant, On 15-02-2022) | 1-26 |
| 30 | പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല<br>Written By: Biju Antony (Audit Officer, On 29-12-2021)<br>Last Updated By: Anish A (Computer Assistant, On 15-02-2022) | 1-27 |

| | | |
|---|---|---|
| 31 | മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ അവശ്യം വേണ്ട രേഖകൾ സൂക്ഷിച്ചിരിക്കുന്നില്ല<br>Written By: Biju Antony (Audit Officer, On 29-12-2021)<br>Last Updated By: Anish A (Computer Assistant, On 15-02-2022) | 1-28 |
| 32 | കരാറുകാരന് ടെണ്ടർ തുകയേക്കാൾ അധികം നൽകിയതിൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.<br>Written By: Biju Antony (Audit Officer, On 29-12-2021)<br>Last Updated By: Anish A (Computer Assistant, On 15-02-2022) | 1-29 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | അംഗീകൃത പദ്ധതിക്ക് വിരുദ്ധമായി സബ്സിഡി വിനിയോഗിച്ച- തുക തിരികെ ഈടാക്കണം<br>Written By: V.T. Ushakumari (Asst. Audit Officer, On 04-01-2022)<br>Last Updated By: Anish A (Computer Assistant, On 16-02-2022) | 3-1 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: V.T. Ushakumari (Asst. Audit Officer, On 21-12-2021)<br>Last Updated By: Anish A (Computer Assistant, On 16-02-2022) | 4-1 |
| 2 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Ramadevi.K.R (Senior Grade Auditor, On 31-12-2021)<br>Last Updated By: Anish A (Computer Assistant, On 16-02-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: V.T. Ushakumari (Asst. Audit Officer, On 29-12-2021)<br>Last Updated By: Anish A (Computer Assistant, On 16-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Biju Antony (Audit Officer, On 03-01-2022)<br>Last Updated By: C.S.Santhosh (Audit Officer, On 06-01-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: V.T. Ushakumari (Asst. Audit Officer, On 15-12-2021)<br>Last Updated By: Anish A (Computer Assistant, On 16-02-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: V.T. Ushakumari (Asst. Audit Officer, On 15-12-2021)<br>Last Updated By: V.T. Ushakumari (Asst. Audit Officer, On 15-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: V.T. Ushakumari (Asst. Audit Officer, On 29-12-2021)<br>Last Updated By: Anish A (Computer Assistant, On 16-02-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Biju Antony (Audit Officer, On 03-01-2022)<br>Last Updated By: Anish A (Computer Assistant, On 16-02-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Biju Antony (Audit Officer, On 03-01-2022)<br>Last Updated By: C.S.Santhosh (Audit Officer, On 06-01-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Biju Antony (Audit Officer, On 03-01-2022)<br>Last Updated By: N Satheesan (Deputy Director, On 16-02-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Biju Antony (Audit Officer, On 14-12-2021)<br>Last Updated By: Anish A (Computer Assistant, On 16-02-2022) | 4-11 |
| | അനുബന്ധം | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | വാർഷിക ധനകാര്യ കണക്കുകളുടെ സംക്ഷിപ്തം |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2019-20 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ്, ഭരണ സമിതിയുടെ 26.02.2019 തീയതിയിലെ 1/1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.
പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 23.03.20 തീയതിയിലെ 1/1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.
ബജറ്റ് സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 2056686 |
| പ്രതീക്ഷിത വരവ് | 102196462 |
| പ്രതീക്ഷിത ചെലവ് | 102613991 |
| നീക്കിയിരിപ്പ് | 1639157 |

### 1-1-1 ബജറ്റ് രൂപീകരണ പ്രക്രിയ

തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ്, നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ട് സമയബന്ധിതമായി അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2019-20 | 31/07/2020 | 29/05/2020 | - | - |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് &പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 8150096 |
| വരവ് | 60998535 |
| ആകെ | 69148631 |
| ചെലവ് | 61275905 |
| നീക്കിയിരിപ്പ് | 7872726 |

### 1-4 ഗ്രാന്റ് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കി യിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ (*) | 0 | 10776571 | 10776571 | 9951694 | 824877 |
| വികസന ഫണ്ട് -എസ്.സി.പി | 0 | 4792588 | 4792588 | 3215242 | 1577346 |

| | | | | | |
|---|---|---|---|---|---|
| (**) | | | | | |
| വികസന ഫണ്ട് - ടി.എസ്.പി | 0 | 466000 | 466000 | 163868 | 302132 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 5075000 | 5075000 | 1054790 | 4020210 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 3630000 | 3630000 | 1924352 | 1705648 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- അടിസ്ഥാന ഗ്രാന്റ് | 0 | 9601367 | 9601367 | 7495434 | 2105913 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-Tied | 0 | 0 | 0 | 0 | 0 |

(*)മേൽ പട്ടികയിൽ, സ്രോതസ്സിൽ കുറവ് ചെയ്ത ജി.ഒ പ്രൊജക്റ്റുകൾ മുഖേനയുള്ള ചെലവ് രേഖപ്പെടുത്തിയ തുകകൾ ഉൾപ്പെട്ടിട്ടില്ല.

കേന്ദ്രാവിഷ്കൃതം

1. ICDS

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ICDS കേന്ദ്ര വിഹിതം | 1173712 | 601363 | 1775075 | 478796 | 1,296,279. |

2 ശുചിത്വ ഫണ്ട്

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വം-1 | 484,643 | 0 | 484,643 | 479786 | 4857 |

സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1. ശുചിത്വ മിഷൻ | 4713 | 910253 | 914966 | 910109 | 469,747 |
| 2.ലൈഫ് മിഷൻ | 11014 (തിരിച്ചടച്ച.) | 15520000+ 22201 രൂപ പലിശ | 15520000 | 13520000 | 2022201 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭ്യമായ 202 പ്രൊജക്ടുകളിൽ 132 എണ്ണത്തിനാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 49.8% തുക മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 6 | 2942505 | 1935000 | 65.7 |
| വെറ്ററിനറി സർജ്ജൻ | 9 | 8 | 3168000 | 1268000 | 40 |
| മെഡിക്കൽ ഓഫീസർ-PHC | 4 | 4 | 1435562 | 13080585 | 91 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 4 | 4 | 874000 | 864960 | 99 |
| വി.ഇ.ഒ | 15 | 14 | 68626219 | 21804000 | 31.77 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 6 | 4436695 | 2511537 | 56.6 |
| സെക്രട്ടറി | 29 | 17 | 6878745 | 4534260 | 66 |
| അസി.സെക്രട്ടറി | 15 | 6 | 3070300 | 889701 | 29 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 111 | 65 | 24771779 | 10986939 | 44.3 |
| എച്ച്.എം | 0 | 0 | 0 | 0 | 0 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 474052 | 277686 | 58.5 |
| ആകെ | 202 | 132 | 116677857 | 58152668 | 49.8% |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

പൂർത്തിയാക്കാതെയും സ്പിൽ ഓവർ ആക്കാതെയും ഉപേക്ഷിക്കപ്പെട്ട പദ്ധതികളുടെ വിവരം ഭാഗം 1 ൽ പ്രത്യേക ഖണ്ഡികകളായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 19544 | 1540434 | 1559978 | 1549720 | 10258 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 22450967 | 22450967 | 22450967 | - |
| ആകെ | 19544 | 23991401 | 24010945 | 24000687 | 10258 |

1-7 ക്ഷേമ പദ്ധതികളുടെ വിവരം

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 89880 | തിരിച്ചടച്ചു |
| 2 | കർഷക തൊഴിലാളി പെൻഷൻ | 795600 | 138 |
| 3 | വിധവാ പെൻഷൻ | 5295600 | 933 |
| 4 | വാർദ്ധക്യകാല പെൻഷൻ | 12173700 | 2040 |
| 5 | വികലാംഗ പെൻഷൻ | 1201500 | 214 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 123600 | 25 |
| 7 | വിധവകളുടെ പെൺമക്ക ളുടെ വിവാഹ ധനസഹായം | 180000 | 6 |
| 8 | മിശ്ര വിവാഹിതരുടെ വിവാഹ ധനസഹായം | 0 | 0 |

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.12.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10506/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. എന്നാൽ ആയതനുസരിച്ച് ജോലി പുരോഗതി ഉണ്ടാകുന്നുണ്ടോ എന്നത് കൃത്യമായ ഇടവേളകളിൽ പരിശോധിക്കപ്പെടുന്നില്ല. കണക്കുകൾ ശരിയായി അക്കൗണ്ട് ചെയ്യപ്പെടുന്നതിലും രേഖകളുടെ സൂക്ഷിപ്പിലും ഉള്ള അപാകങ്ങൾ പരിഹരിക്കാൻ മേലുദ്യോഗസ്ഥൻമാർ ശരിയായ ശ്രദ്ധ പതിപ്പിച്ചിട്ടില്ല. ഇത് തുടർന്നുള്ള കാലയളവിലെയും പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ട്. വിശദാംശങ്ങൾ 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 1-9 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22-9-2021 | 1-7-2021-31-7-2021 | 22-9-2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03-02-2014 മുതൽ 17-02-2014 വരെ | 2008-09 മുതൽ 2012-13 വരെ | 21-3-2014 |

1-11 സുലേഖയിലെ ചെലവ് പത്രികയിൽ ഗുണഭോക്തൃ വിഹിതം ചെലവ് ഉൾപ്പെടുത്തിയിട്ടില്ല

2019-20 വർഷത്തിൽ കൃഷി ഓഫീസർ ആറ് പ്രോജക്റ്റുകൾ നടപ്പാക്കിയിട്ടുണ്ട്. വികസന ഫണ്ട്, ഗുണഭോക്തൃ വിഹിതം എന്നിവ ഉൾപ്പടെയാണ് അടങ്കൽ തുക. പദ്ധതികളുടെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം, പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 14/20, സമഗ്ര നെൽകൃഷി വികസനം | 313167<br>വികസന ഫണ്ട്-200000 + ബ്ലോക്ക് വിഹിതം -85000 + ഗു.വി.-28167 | 313167<br>വികസന ഫണ്ട്-200000+ ബ്ലോക്ക് വിഹിതം -85000+ ഗു.വി.- 28167 |
| 2 | 18/20, അത്യുൽപാദന ശേഷിയുള്ള തെങ്ങിൻ തൈ വിതരണം | 266670<br>വികസന ഫണ്ട്-200000 + ഗു.വി.-66670 | 266670<br>വികസന ഫണ്ട്-200000+ ഗു.വി.-66670 |
| 3 | 20/20, കവുങ്ങിന് മാഹാളി രോഗ നിയന്ത്രണം | 300000<br>വികസന ഫണ്ട്-150000 + ഗു.വി.-150000 | 300000<br>വികസന ഫണ്ട്-150000+ ഗു.വി.-150000 |
| 4 | 21/20, ഫലവൃക്ഷ തൈകൾ വിതരണം | 133334<br>വികസന ഫണ്ട്-100000 + ഗു.വി. –33334 | 133334<br>വികസന ഫണ്ട്-100000+ ഗു.വി.-33334 |
| 5 | 23/20, സമഗ്ര തെങ്ങുകൃഷി വികസനം | 1696000<br>വികസന ഫണ്ട്-1000000 + ഗു.വി.-696000 | 1696000<br>വികസന ഫണ്ട്-1000000+ ഗു.വി.-696000 |
| 6 | 24/20 അടുക്കള തോട്ടം പച്ചക്കറി കൃഷി | 233334<br>വികസന ഫണ്ട്-200000+<br>ഗു.വി.-33334 | 233334<br>വികസന ഫണ്ട്-200000+<br>ഗു.വി.-33334 |

സുലേഖയിലെ ചെലവ് പത്രികയിൽ പദ്ധതികളുടെ ഗുണഭോക്തൃ വിഹിതത്തിന്റെ ചെലവ് ചേർത്തിട്ടില്ല. നിശ്ചിത ശതമാനം സബ്സിഡി അനുവദിക്കുന്നതിന് ശേഷിക്കുന്ന തുകയ്ക്കുള്ള ചെലവ് ഗുണഭോക്താവ് വഹിക്കണം എന്നത് പദ്ധതി നടത്തിപ്പിലുൾപ്പെട്ട നിബന്ധനയാണ്. നടപ്പാക്കിയ ആറ് പദ്ധതികളിലും വികസനഫണ്ടിൽ നിന്നും 100 ശതമാനം ചെലവുണ്ടെങ്കിലും ചെലവ് പത്രിക പ്രകാരം 65.7% മാത്രമാണ് ആകെ ചെലവ്. പരിശോധനയ്ക്ക് ലഭിച്ച ചെലവ് രേഖകളനുസരിച്ച് ഗുണഭോക്താവ് നേരിട്ട് ചെലവഴിച്ച തുക കൂടി ചേർന്നതാണ് യഥാർത്ഥ ചെലവ്. വികസനഫണ്ടിൽ നിന്നും ചെലവഴിക്കുന്ന തുകയുടെ 25% മുതൽ 50% വരെ തുക എല്ലാ പദ്ധതികളിലുമായി ഗുണഭോക്താക്കൾ ചെലവഴിച്ചിട്ടുണ്ട്. നടപ്പാക്കിയ പദ്ധതികളുടെ ചെലവിൽ ഗുണഭോക്തൃവിഹിതം ഉൾപ്പെടാതിരുന്നാൽ ഈയിനത്തിലെ സബ്സിഡി അധികമായി അനുവദിച്ചതായി വിലയിരുത്തപ്പെടുന്നതാണ്. പദ്ധതിയിലെ ആകെ ചെലവ് ശതമാനത്തിലും ഇതു മൂലം വ്യത്യാസം വരുന്നുണ്ട് .

ഓരോ പദ്ധതിയുടെയും പൂർത്തീകരണ സമയത്ത് ചെലവഴിച്ച തുക കൃത്യമായി കണക്കിൽ ഉൾപ്പെടുന്നുണ്ട് എന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്.

പദ്ധതി ചെലവിലെ വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് എൻക്വയറി(7/20.12.21) നല്കിയതിന് മറുപടിയായി തുടർന്നുള്ള വർഷങ്ങളിൽ ഇക്കാര്യം കൃത്യമായി അക്കൌണ്ട് ചെയ്യുന്നതാണ് എന്നറിയിച്ചു.

## 1-12 തൊഴിൽ നികുതി

2019-20 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവയുടെ പരിശോധനയിലെ കണ്ടെത്തലുകൾ തുടർ ഖണ്ഡികയിൽ ചേർക്കുന്നു.

1-12-1 ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിട്ടില്ല

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | സ്ഥാപനത്തിലെ ജീവനക്കാരുടെ എണ്ണം | അർദ്ധവർഷം |
|---|---|---|---|
| 1 | N.H.M ആയുർവേദ, പാലക്കയം | 2 | രണ്ടാം അർദ്ധവർഷം |
| 2 | C.S.M.A LPസ്കൂൾ | 3 | രണ്ടാം അർദ്ധവർഷം |
| 3 | ഹോളി ഫാമിലി സി.ഇ.എം സ്കൂൾ, പൊന്നക്കോട് | 5 | ആദ്യ അർദ്ധവർഷം |
| 4 | ഫോറസ്റ്റ് റെയ്ഞ്ച് ഓഫീസ്, അഗളി | 5 | ആദ്യ അർദ്ധവർഷം &രണ്ടാം അർദ്ധവർഷം |

മേൽ സംബന്ധിച്ച് നൽകിയ അന്വേഷണം നം. 10/20.12.2021 ന് മറുപടിയായി പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-12-2 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2019-2020 വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1. ബി.എസ്.എൻ.എൽ
2. സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, തച്ചമ്പാറ
3. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, തച്ചമ്പാറ
4. കേരള ഗ്രാമീൺ ബാങ്ക്, തച്ചമ്പാറ
5. പി.എൻ.വൈ സഭ ഫിനാൻസ്, തച്ചമ്പാറ
6. ധനലക്ഷ്മി ബാങ്ക്, തച്ചമ്പാറ
7. മാവേലി സ്റ്റോർ, തച്ചമ്പാറ
8. KSEB

മേൽ സംബന്ധിച്ച് നൽകിയ അന്വേഷണം നം. 10/20.12.2021 ന് മറുപടിയായി പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-13 ഭേദഗതി ചട്ടപ്രകാരമുള്ള ലൈസൻസ് നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്

2018-ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന് അനുസൃതമായി കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 'അസഹ്യവും അപകടകരവുമായ വ്യാപാരങ്ങളും ഫാക്ടറികളും' എന്ന വാക്കുകൾക്ക് പകരം 'ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ' എന്ന് മാറ്റം വരുത്തിയിരുന്നു. ആയതിനനുസരിച്ച് 1996-ലെ കേരള പഞ്ചായത്ത് രാജ്(ആപത്കരവും

അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പേര് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നാക്കി മാറ്റി 31.10.2017-ലെ സ.ഉ (പി) നം. 80/2017/തസ്വഭവ പ്രകാരം ഭേദഗതി ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ ഇതിനായി മാറ്റങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ലൈസൻസ് സംബന്ധിച്ച രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിച്ചിട്ടില്ല. ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ തരം ഏതാണെന്നോ അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. ഭേദഗതിക്കു മുമ്പ് ചട്ടം 10 ലെ പട്ടിക രണ്ട് പ്രകാരം വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് വ്യാപാരങ്ങൾക്ക് പരമാവധി ഫീസ് ഈടാക്കിയിരുന്നത്. 2019-20 സാമ്പത്തിക വർഷത്തിൽ തച്ചമ്പാറ ഗ്രാമപഞ്ചായത്തിൽ സ്വീകരിച്ച മുഴുവൻ അപേക്ഷകളും വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ്. പുതുക്കിയ ചട്ടം അനുസരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കുന്നതിനായി തീരുമാനങ്ങൾ നാളിതുവരെ എടുത്തിട്ടില്ല. ആയതിനാൽ ലൈസൻസ് ഫീസ് എപ്രകാരമാണ് ഈടാക്കിയതെന്ന് ആവശ്യപ്പെട്ടു നൽകിയ അന്വേഷണം നം.12/20.12.2021 ന് മറുപടിയായി ചട്ടപ്രകാരമുള്ള ഓരോ മേഖലയേയും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഉപമേഖലകളായി വിഭജിച്ച് സ്ഥാപനങ്ങൾക്ക് ഉചിതമായ ഫീസ് നിശ്ചയിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കുന്നതിനായി എടുത്ത ഭരണസമിതി തീരുമാനങ്ങൾ ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

### 1-14 കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

പ്രോജക്റ്റ് നമ്പർ-6/20-കന്നുകുട്ടി പരിപാലന പദ്ധതി

അടങ്കൽ-800000(200000 വികസന ഫണ്ട്-ജനറൽ+ 200000 സംസ്ഥാന വിഹിതം+400000 ഗുണ.വിഹിതം)

ചെലവ്-ബിൽ നമ്പർ 8/28.1.2020, 200000രൂപ

കന്നുകുട്ടികളുടെ പരിപാലനത്തിനായി വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി 6/21 എന്ന പ്രൊജക്റ്റ് ആവിഷ്കരിച്ച് 2,00,000/- രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാമിന്റെ അസിസ്റ്റന്റ് ഡയറക്ടർക്ക് NEFT മുഖേന ടി തുക കൈമാറിയിട്ടുണ്ട്. (അക്കൗണ്ട് നം.714021400000008). 24.6.2020 ലെ 1/6 നമ്പർ തീരുമാനം പ്രകാരം തച്ചമ്പാറ ക്ഷീരോല്പാദന സഹകരണ സംഘം മുഖേനയാണ് പദ്ധതി നടപ്പാക്കുന്നതിൽ ആകെ 32 ഗുണഭോക്താക്കളുണ്ട്. പദ്ധതിയുടെ പുരോഗതി വിവരം അറിയിക്കേണ്ടതും പദ്ധതി പൂർത്തിയാക്കുന്ന മുറയ്ക്ക് നല്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി അറിയിക്കുകയും ചെയ്യേണ്ടതാണ്. ഇക്കാര്യങ്ങളെക്കുറിച്ച് നൽകിയ എൻക്വയറിയ്ക്ക്- 6/19.12.21- മറുപടി ലഭിച്ചില്ല.

### 1-15 എ.ബി.സി പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

പ്രോജക്റ്റ് നം. 109/20

നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജൻ

അടങ്കൽ -100000(വികസന ഫണ്ട് -ജനറൽ)

ചെലവ് -100000 (ബിൽ നം. 4/7.9.2019)

തെരുവുനായ്ക്കളുടെ വംശവർദ്ധനവ് നിയന്ത്രിക്കുന്നതിനും അതു വഴി പേവിഷബാധയും ജന്തുജന്യരോഗങ്ങളും നിയന്ത്രിക്കുന്നതിനുമാണ് എ.ബി.സി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ജില്ലാപഞ്ചായത്തിന്റെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. ഡെപ്യൂട്ടി ഡയറക്ടർ (മൃഗസംരക്ഷണം)

ആണ് പദ്ധതിയുടെ ജില്ലാതല നിർവ്വഹണോദ്യോഗസ്ഥൻ. ഒരു നായയെ വന്ധ്യംകരിക്കുന്നതിന് 1500/- രൂപയാണ് ജില്ലാപഞ്ചായത്ത് ചെലവ് കണക്കാക്കിയിരിക്കുന്നത്. ആയതു പ്രകാരം 66 നായ്ക്കളെയെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിൽ ഈ വർഷം വന്ധ്യംകരിക്കേണ്ടതാണ്. എന്നാൽ പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് വിഹിതം ജില്ലാ പഞ്ചായത്ത് അക്കൗണ്ട് നം.79901140000220‌0ലേക്ക് നൽകിയിട്ടുണ്ടെങ്കിലും പൂർത്തീകരണ വിവരമോ പദ്ധതിയുടെ പുരോഗതി റിപ്പോർട്ടോ ലഭ്യമല്ല. ജില്ലാപഞ്ചായത്തിൽ നിന്നും പദ്ധതി നടത്തിപ്പിന്റെ വിവരവും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കി അറിയിക്കേണ്ടതാണ്. ഇക്കാര്യങ്ങളെക്കുറിച്ച് എൻക്വയറി 8/19.12.21 നൽകിയതിന് മറുപടി ലഭിച്ചില്ല.

## 1-16 അംഗീകൃത പദ്ധതിക്ക് വിരുദ്ധമായി സബ്സിഡി വിനിയോഗിച്ചു- തുക തിരികെ ഈടാക്കണം

എ) പ്രൊജക്ട് നം 195/20 കയർപിരി യൂണിറ്റ് (വനിത)

നിർവ്വഹണം -അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ /ചെലവ് – 200000/- പ്ലാൻ ജനറൽ

4 യൂണിറ്റുകൾക്ക് 50000/- രൂപ വീതം സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. യൂണിറ്റുകളുടെ ലോൺ അക്കൗണ്ടിലേക്കാണ് തുക ക്രെഡിറ്റ് ചെയ്തിട്ടുള്ളത്.

സ്റ്റാമ്പ് പേപ്പർ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും എഗ്രിമെന്റ് വ്യവസ്ഥകൾ എഴുതി ഒപ്പു വച്ചിട്ടില്ല.

ബി) പ്രൊജക്ട് നം 196/20 സ്വയം തൊഴിൽ സംരംഭം-വനിത (SO)

നിർവ്വഹണം -അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ – 492000/-

ചെലവ് – 100000/- പ്ലാൻ (ജനറൽ)

സ്റ്റാമ്പ് പേപ്പർ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും എഗ്രിമെന്റ് വ്യവസ്ഥകൾ എഴുതി ഒപ്പു വച്ചിട്ടില്ല.

സ്പിൽഓവർ പ്രോജക്റ്റ് പ്രകാരം 2 യൂണിറ്റുകൾക്ക് 50000/- രൂപ വീതം സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. യൂണിറ്റുകളുടെ ലോൺ അക്കൗണ്ടിലേക്കാണ് തുക ക്രെഡിറ്റ് ചെയ്തിട്ടുള്ളത്.
രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ പറയുന്നു.

രണ്ട് പദ്ധതികളിലുമായി രൂപീകരിച്ച 6 ഗുണഭോക്തൃ ഗ്രൂപ്പുകൾക്കാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. ഓരോ സംഘത്തിനും 100000/- വീതം ബാങ്ക് ലോണും ലഭ്യമായിട്ടുണ്ട്. ഓരോ സംഘവും സബ്സിഡിയായി ലഭിച്ച 50000/- രൂപ വീതം ലോൺ തിരിച്ചടവിനാണ് ഉപയോഗിച്ചതെന്ന ലോൺ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. അഞ്ചു സംഘങ്ങൾ ലോൺ ഇനത്തിൽ ഒടുക്കുവാൻ അവശേഷിച്ചിരുന്ന 50000/- രൂപ ഇതേ സാമ്പത്തിക വർഷം തന്നെ തിരിച്ചടക്കുകയും ലോൺ ക്ലോസ് ചെയ്യുകയും ചെയ്തു. ഒരു സംഘം തിരിച്ചടവ് തുടരുന്നുണ്ട്.

ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ നടത്താത ബാങ്ക് വായ്പ തിരിച്ചടയ്ക്കുന്നതിനായി സബ്സിഡി തുകയിനത്തിൽ ലഭ്യമായ തുക വിനിയോഗിച്ചത് ക്രമവിരുദ്ധമാണ്.

സബ്സിഡിയായി നൽകിയ തുക തിരികെ ഈടാക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കുവാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.16/26.12.21) മറുപടി ലഭ്യമാക്കിയില്ല.

ഗ്രാമപഞ്ചായത്തിന് നഷ്ടമായ 300000/- രൂപ (50000 രൂപ വീതം 6 ഗ്രൂപ്പുകൾക്ക് നൽകിയ തുക) പലിശ സഹിതം ഈടാക്കി വിശാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഖണ്ഡിക 3-1 കൂടി കാണുക)

## 1-17 അംഗീകാരം നേടിയ പദ്ധതികൾ നടപ്പിലാക്കിയില്ല-പദ്ധതികൾ ലക്ഷ്യം നേടിയില്ല.

2019-20 സാമ്പത്തിക വർഷത്തിൽ നടപ്പാക്കുന്നതിന് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി അംഗീകാരം നേടിയ താഴെ പറയുന്ന പ്രൊജക്ടുകൾ തൻവർഷം നടപ്പിലാക്കിയില്ല.

| ക്രമ നം. | പ്രൊജക്ട് നമ്പർ | അടങ്കൽ/ ഫണ്ട് |
|---|---|---|
| 1 | 11/20 സാക്ഷരത തുല്യത പരിപാടി | 100000 പ്ലാൻ ജനറൽ |
| 2 | 15/20 പഞ്ചായത്ത് ഓഫീസിലെ കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും വാർഷിക പരിപാലനം | 80000 തനത് ഫണ്ട് |
| 3 | 157/20 ഹോമിയോ ഡിസ്പൻസറിയിലേക്ക് ഫർണിച്ചറും ഉപകരണങ്ങളും വാങ്ങൽ | 100000 MG (NR) |
| 4 | 162/20 ISO സർട്ടിഫിക്കേഷൻ | 290000 തനത് ഫണ്ട് |
| 5 | 210/20 ഓഫീസ് റീ നെറ്റ് വർക്കിംഗ് | 100000 തനത് ഫണ്ട് |
| 6 | 212/20 LSGD ഓഫീസിലേക്ക് പ്രിന്റർ വാങ്ങൽ | 20000 തനത് ഫണ്ട് |
| 7 | 218/20 തച്ചമ്പാറ ടൗണിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 75000 തനത് ഫണ്ട് |
| 8 | 220/20 ശ്മശാനം പൂർത്തീകരണം | 125000 തനത് ഫണ്ട് |

പ്രസ്തുത പദ്ധതികൾ തൻവർഷം നടപ്പിലാക്കാതിരുന്നതിന്റെ കാരണങ്ങൾ വിശദമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.16/26.12.21) മറുപടി ലഭ്യമാക്കിയില്ല. വിവിധ ഫണ്ടുകൾ വകയിരുത്തിയ പദ്ധതികളിലൂടെ വിഭാവനം ചെയ്ത ലക്ഷ്യം നേടാൻ കഴിഞ്ഞില്ല. ആവശ്യകതയും നിർവ്വഹണ സാധ്യതയും വിലയിരുത്തി പദ്ധതികൾ രൂപീകരിക്കേണ്ടതും അവയുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പ് വരുത്തേണ്ടതുമാണ്.

1-18 സെക്രട്ടറി നടപ്പിലാക്കുന്നതിന് അംഗീകാരം നേടിയ പദ്ധതികൾ ഉപേക്ഷിച്ചു

2019-20 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി അംഗീകാരം ലഭിച്ച താഴെ പറയുന്ന പ്രൊജക്ടുകൾ തൻവർഷം നടപ്പിലാക്കിയില്ല.

| ക്രമ നം | പ്രൊജക്ട് നമ്പർ | അടങ്കൽ/ ഫണ്ട് |
|---|---|---|
| 1 | 08/20 കേരളോൽസവം | 50000 തനത് ഫണ്ട് |
| 2 | 159/20 വിവിധ ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വാങ്ങി നൽകൽ | 50000 തനത് ഫണ്ട് |
| 3 | 163/20 കമ്പ്യൂട്ടറുകളുടെയും പ്രിന്ററുകളുടെയും എ.എം.സി | 50000 തനത് ഫണ്ട് |
| 4 | 217/20 പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിലേക്ക് കസേരകൾ വാങ്ങൽ | 100000 തനത് ഫണ്ട് |

പ്രസ്തുത പദ്ധതികൾ അടുത്ത സാമ്പത്തിക വർഷത്തേക്ക് സ്പിൽ ഓവർ ആക്കാതെ ഉപേക്ഷിക്കുകയാണ് ഉണ്ടായത്. അംഗീകാരം നേടിയ പദ്ധതികൾ ഉപേക്ഷിച്ചതിന്റെ കാരണം വിശദമാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.17/26.12.21) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-19 പ്രൊജക്ട് ഉപേക്ഷിച്ചു- പട്ടികജാതി വികസനഫണ്ട്(TSP) ലാപ്സ് ആയി

2019-20 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി അംഗീകാരം ലഭിച്ച പ്രൊ.നം 193 ആശ്രയ (TSP) തൻവർഷം നടപ്പിലാക്കിയില്ല. അതുകൊണ്ട് 50000/- രൂപ TSP ഫണ്ട് ലാപ്സ് ആയി. പ്രസ്തുത പദ്ധതി അടുത്ത സാമ്പത്തിക വർഷത്തേക്ക് സ്പിൽ ഓവർ ആക്കിയിട്ടുമില്ല. അംഗീകാരം നേടിയ പദ്ധതി നടപ്പിലാക്കാതെ ഉപേക്ഷിച്ചതിന്റെ കാരണം വിശദമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18/26.12.21 )മറുപടി ലഭ്യമാക്കിയില്ല. പട്ടിക വർഗ്ഗ വിഭാഗത്തിന്റെ സമഗ്ര വികസനത്തിനായി അനുവദിക്കുന്ന ഫണ്ട് വിനിയോഗിക്കാതെ ലാപ്സ് ആക്കുന്നത് ശരിയായ പ്രവണതയല്ല. പദ്ധതി രൂപീകരണ-നിർവ്വഹണ-മോണിറ്ററിംഗ് ഘട്ടങ്ങളിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

1-20 ഇ-ടെണ്ടർ മുഖേന നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ ഒറ്റ ടെണ്ടർ മാത്രമുള്ള പ്രവൃത്തികൾ അംഗീകരിച്ചിരിക്കുന്നു

2012 ലെ കേരള മരാമത്ത് മാന്വൽ പ്രകാരം ടെണ്ടർ നടപടി ഒരു ടെണ്ടർ മാത്രം ലഭിക്കുന്ന വർക്കുകളിൽ റീടെണ്ടർ ചെയ്യണമെന്നും പിന്നീടും സിംഗിൾ ടെണ്ടർ ആണ് ലഭിക്കുന്നത് എങ്കിൽ അംഗീകരിക്കാമെന്നും വ്യക്തമാക്കിയിട്ടുണ്ട്.

സിംഗിൾ ടെണ്ടർ സംബന്ധിച്ച് വിശദമായ നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് G.O (P) No.324/2015/Fin തിയതി 30-07-2015 ലും വ്യക്തമാക്കിയിട്ടുണ്ട് .

എന്നാൽ താഴെ രേഖപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളിൽ Single E-Tender മാത്രമാണ് ലഭ്യമായിട്ടുള്ളത്. എന്നിട്ടും ടെണ്ടർ അംഗീകരിച്ച് പ്രവൃത്തി നിർവ്വഹിച്ചിരിക്കുന്നു.

| നം, പ്രവൃത്തിയുടെ പേര് | ചെലവ്, ബിൽ വിവരങ്ങൾ | കരാറുകാരന്റെ പേര് | ടെണ്ടർ അംഗീകരിച്ച തീയ്യതി. | എഗ്രിമെന്റ് വിവരങ്ങൾ |
|---|---|---|---|---|
| 87/20- ലക്ഷം വീട് കോളനി റോഡ് കോൺക്രീറ്റ് | ബിൽ നം.-51/ 13-3-2020- 177789/- | ഷിജു ജോർജ് | 27-8-2019 | 55/AE/LSGD/TPA/ 23-12-2019 |
| 49/20- ചീനിക്കപ്പാറ കുരിശുപള്ളി കുണ്ടം പെട്ടി റോഡ് കോൺക്രീറ്റ് | ബിൽ നം.-52/ 13-3-2020- 199897/- | ഷിജു ജോർജ് | 27-8-2019 | 53/AE/LSGD/TPA/ 23-12-2019 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(14/22-12-2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത്തരം അപാകതകൾ ആവർത്തിക്കാതെയിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-21 മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് കോൺക്രീറ്റിങ്ങ് പ്രവൃത്തികൾ നിർവ്വഹിച്ചപ്പോൾ തീരുമാനം എടുത്തില്ല

തൻവർഷം റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് താഴെപ്പറയുന്ന പ്രവൃത്തികൾ ചെയ്തിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നം. | പ്രവൃത്തിയുടെ പേര് | ചെലവ് (രൂ.) |
|---|---|---|---|
| 1. | 54/20 | തച്ചമ്പാറ തീയറ്റർ റോഡ് കോൺക്രീറ്റ് | 125000 |
| 2. | 214/20 | ഉഴുന്ന പറമ്പ തെക്കുംപുറം റോഡ് ടാറിംഗ് | 94923 |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 28.11.2012 ലെ നം.68228/എഫ്.എം1/2012 പ്രകാരമുള്ള സർക്കുലർ

മുഖേന റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് റോഡുകളുടെ അറ്റകുറ്റപ്പണിയാണ് നടത്തേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനത്തിന് കൈമാറിയ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയശേഷം റോഡ് മെയിന്റനൻസ് ഫണ്ട് ബാക്കിയുണ്ടെങ്കിൽ മാത്രം മെറ്റലിംഗ്, ടാറിംഗ്, കോൺക്രീറ്റിങ്ങ് തുടങ്ങിയ നിർമ്മാണ പ്രവൃത്തികളും ഏറ്റെടുക്കാവുന്നതാണ്. എന്നാൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ കൈമാറിയ റോഡുകളിലൊന്നും അറ്റകുറ്റപ്പണികൾ ആവശ്യമില്ലെന്ന് ഭരണസമിതി ഏകകണ്ഠമായ തീരുമാനം എടുത്തശേഷമായിരിക്കണം മെയിന്റനൻസ് ഫണ്ട് കോൺക്രീറ്റ് പ്രവൃത്തികൾക്ക് ഉപയോഗിക്കേണ്ടത്. ഇപ്രകാരം തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല.

മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ഉയർന്ന പരിഗണന നൽകിയ ശേഷം മാത്രം മറ്റുപ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-22 കണക്ടിവിറ്റി പ്ലാൻ നടപ്പിലാക്കിയില്ല; വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വച്ച് സമഗ്രമല്ലാത്ത പ്രവൃത്തികൾ ഏറ്റെടുക്കുന്നു

സ.ഉ (കൈ)നം. 17/2018 ത.സ്വ.ഭ.വ, തീയ്യതി 2-2-2018 അനുസരിച്ചുള്ള പദ്ധതി മാർഗ്ഗരേഖ പ്രകാരം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും തങ്ങളുടെ അധികാര പരിധിയിലുള്ള വിവിധതരം റോഡുകളുടെ സർവ്വേ നടത്തി റോഡ് കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കണമെന്നും ആയതിലെ സ്ഥിതി വിവരകണക്കുകളെ അടിസ്ഥാനമാക്കി മുൻഗണന നിശ്ചയിച്ച് പുതിയ റോഡുകളുടെയും പുനരുദ്ധരിക്കേണ്ട റോഡുകളുടെയും പ്രോജക്ടുകൾ ഏറ്റെടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പുതുതായി നിർമ്മിക്കേണ്ടതും പരിഷ്ക്കരിക്കേണ്ടതുമായ റോഡുകളെ ചെറിയ ഭാഗങ്ങളാക്കി പ്രോജക്ടുകൾ രൂപീകരിക്കാതെ ഓരോ റോഡിന്റെയും മുഴുവൻ നീളത്തിലാണ് പ്രോജക്ട് രൂപീകരിക്കേണ്ടത്. ഒരു റോഡ് നിർമ്മാണം ഒന്നിലധികം വർഷം നീണ്ടുപോയാലും ഒറ്റ പ്രോജക്ടായി തന്നെ പൂർത്തിയാക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ റോഡ് കണക്റ്റിവിറ്റി പ്ലാൻ, റോഡ് കണക്റ്റിവിറ്റി മാപ്പ് എന്നിവ തയ്യാറാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പശ്ചാത്തല മേഖലയിൽ റോഡ് വികസനത്തിന് വകയിരുത്തിയ തുക വാർഡ് അടിസ്ഥാനത്തിൽ വീതം വച്ച് പ്രോജക്ടുകൾ ഏറ്റെടുക്കുന്ന രീതിയാണ് പഞ്ചായത്ത് അവലംബിച്ചുവരുന്നത്.
വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നത് വിഭവ വിന്യാസത്തിന്റെ ഫലപ്രാപ്തിയെ സാരമായി ബാധിക്കും. തദ്ദേശസ്വയംഭരണ സ്ഥാപനത്തെ മൊത്തത്തിൽ ഒരു യൂണിറ്റായി കണ്ട് സമസ്തമേഖലകളിലെയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്ര പദ്ധതികളാണ് തയ്യാറാക്കേണ്ടത്. പശ്ചാത്തല വികസനത്തിന് ലഭ്യമായ തുക വാർഡ് അടിസ്ഥാനത്തിൽ വീതം വയ്ക്കുന്നത് തെറ്റായ പ്രവണതയാണ്. ഗ്രാമപഞ്ചായത്തിലെ വിവിധതരം റോഡുകളുടെ സർവ്വേ നടത്തി റോഡ്നെറ്റ് വർക്ക് പ്ലാൻ തയ്യാറാക്കി മുൻഗണനാക്രമം നിശ്ചയിച്ച് റോഡ് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് നടപടിയുണ്ടാകേണ്ടതാണ്.

## 1-23 ക്യാഷ് ബുക്ക് കാലികമാക്കി സൂക്ഷിച്ചിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രവൃത്തികൾ സംബന്ധിച്ച് തൻവർഷം ട്രഷറി ബിൽ ബുക്ക് മുഖേന മാറിയ ബില്ലുകളിൽ 1 മുതൽ 13 വരെയുള്ള ബില്ലുകളുടെ വിവരങ്ങൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ വരവ് ചെലവ് എന്നിവ വ്യക്തമായി രേഖപ്പെടുത്തി ഡബിൾ എൻട്രി ക്യാഷ്ബുക്ക് സൂക്ഷിക്കണമെന്ന നിർദേശവും 23-8-2019 വരെ ഉള്ള രേഖപ്പെടുത്തലുകളിൽ പാലിച്ചിട്ടില്ല. ക്യാഷ് ബുക്കിൽ പ്രവൃത്തികളുടെ പേര് എഴുതി ബിൽ പ്രകാരമുള്ള തുകകളും മാത്രമാണ് എഴുതിയിട്ടുള്ളത്. ഇപ്രകാരം വളരെ അശ്രദ്ധമായി ക്യാഷ് ബുക്ക് എഴുതുന്നത് സാമ്പത്തിക അച്ചടക്കത്തെ പ്രതികൂലമായി ബാധിക്കുകയും ക്രമക്കേടുകൾക്ക് വഴിയൊരുക്കുകയും ചെയ്യും. ഈ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-24 മരാമത്ത് പ്രവൃത്തികളിൽ രേഖകളുടെയും റജിസ്റ്ററുകളുടെയും സൂക്ഷിപ്പ്

1) സെക്യൂരിറ്റി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

മരാമത്ത് പ്രവൃത്തികളിൽ തിരഞ്ഞെടുത്ത കരാറുകാർ സമർപ്പിക്കുന്ന സെക്യൂരിറ്റി തുകയോ ബോണ്ടുകളോ സൂക്ഷിക്കുന്നതു സംബന്ധിച്ചുള്ള രേഖപ്പെടുത്തലുകൾ നടത്തുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഓരോ പ്രവൃത്തിക്കും മതിയായ സെക്യൂരിറ്റി വാങ്ങിയിട്ടുണ്ടോ, ആയത് തിരികെ നൽകിയത് യഥാസമയം ആണോ എന്നീ പരിശോധനകൾ നടത്താൻ സാധിച്ചിട്ടില്ല. കൂടാതെ മരാമത്ത് പ്രവൃത്തികളുടെ സെക്യൂരിറ്റി സംബന്ധിച്ച രജിസ്റ്റർ ഇല്ലാത്തതിനാൽ സെക്യൂരിറ്റികൾ ദുരുപയോഗം ചെയ്യപ്പെടാനുള്ള സാധ്യതകൾ ഉണ്ട്. ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

2) ടെണ്ടർ ഫോം ഇഷ്യൂ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

ഓരോ ടെണ്ടറിനും കരാറുകാർക്ക് വിതരണം ചെയ്യുന്ന ടെണ്ടർ ഫോമുകളുടെ ഇഷ്യൂ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഓരോ വർക്കിനും എത്ര ടെണ്ടർ ഫോമുകൾ വിതരണം നടത്തി എന്ന് വ്യക്തമല്ല. കൂടാതെ ഇത് സാമ്പത്തിക മൂല്യം ഉള്ളവ ആകയാൽ ദുരുപയോഗം ചെയ്യപ്പെടാനും ഇത്തരം അവസ്ഥ ഇടയാക്കും. ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

3) റോഡ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള റോഡിന്റെ സമഗ്രമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന റോഡ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ റോഡിന്റെ ആകെ നീളത്തിൽ എത്രഭാഗം ടാറിംഗ്, മെറ്റലിംഗ്, കോൺക്രീറ്റ്, മണ്ണ് റോഡ് എന്നൊന്നും കൃത്യമായി മനസിലാക്കാനോ ആയതനുസരിച്ച് റോഡ് പ്രവൃത്തികളിൽ വ്യക്തത വരുത്താനോ സാധിക്കില്ല. ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

4) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ആസ്തികളുടെ സമഗ്രമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ആസ്തികളുടെ സമഗ്രമായ വിവരങ്ങൾ കൃത്യമായി മനസിലാക്കാനോ ആയതനുസരിച്ച് ഓരോ വർഷവും വകയിരുത്തുന്ന പ്രോജക്ടുകളിൽ വ്യക്തത വരുത്താനോ സാധിക്കില്ല. ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-25 നിർദിഷ്ട നിരക്കിലുള്ള മുദ്രപത്രത്തിൽ കരാർ വെച്ചിട്ടില്ല

താഴെ രേഖപ്പെടുത്തിയിട്ടുള്ള മരാമത്ത് പ്രവൃത്തിയിൽ നിർദിഷ്ട നിരക്കിലുള്ള മുദ്രപത്രത്തിൽ കരാർ വെച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്റ്റിന്റെ നം. , പേര് . SO.59/20- എടായിക്കൽ മുരിങ്ങേനി റോഡ് കോൺക്രീറ്റ്

ചെലവ് . 250000/-

എഗ്രിമെന്റ നമ്പർ, തീയ്യതി. 20/AE/LSGD/TPA/17-09-2019, 250000/-രു.
കരാറുകാരൻ- കിനാനത്ത്
ബിൽ നമ്പറുകൾ. ബിൽ നം.-49/13-3-2020- 250000/-

കേരള ഫിനാൻസ് ആക്ട് 2018 പ്രകാരം 2018-19 സാമ്പത്തിക വർഷം മുതൽ മരാമത്ത് പ്രവൃത്തികൾക്ക് എഗ്രിമെന്റുകളുടെ സ്റ്റാമ്പ് ഡ്യൂട്ടി ഓരോ 1000 രൂപയ്ക്കും 1 രൂപ വീതം നിശ്ചയിച്ചിട്ടുണ്ട്. ടെണ്ടർ വഴി 250000/- രൂപയ്ക്ക് കരാർ ഉറപ്പിച്ച ഈ പ്രവൃത്തിയിൽ കരാറുകാരൻ എഗ്രിമെന്റ് വെച്ചിരിക്കുന്നത് 200/- രൂ. വിലയുള്ള മുദ്രപത്രത്തിലാണ്. എന്നാൽ നിയമാനുസൃതം 250/- രൂപയുടെ മുദ്രപത്രത്തിൽ എഗ്രിമെന്റ് വെയ്ക്കേണ്ടിയിരുന്നു. ആയതിനാൽ മുദ്രപത്രത്തിന്റെ വിലയിൽ 50/-രൂപയുടെ കുറവ് സംഭവിച്ചിട്ടുണ്ട്.

നിർദിഷ്ട നിരക്കിലുള്ള മുദ്രപത്രത്തിൽ കരാർ വെച്ചിട്ടില്ലാത്തതിനാൽ കരാറിന് സാധുത ഇല്ല. അതിനാൽ തർക്കങ്ങളോ ആക്ഷേപങ്ങളോ ഉണ്ടായാൽ ഗ്രാമപഞ്ചായത്തിന്റെ നിലപാടുകളെ സാധൂകരിക്കാൻ സാധിക്കിയില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/22-12-2021) കുറവ് വന്ന തുകയ്ക്കുള്ള മുദ്രപത്രം വാങ്ങി സൂക്ഷിക്കാം എന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ നിർദിഷ്ട നിരക്കിലുള്ള മുദ്രപത്രത്തിൽ കരാർ വെക്കുന്നതിനും ഭാവിയിൽ ഇത്തരം അപാകതകൾ സംഭവിക്കാതിരിക്കുന്നതിനും

ശ്രദ്ധിക്കേണ്ടതാണ്.

1-26 നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രമെന്റ് വെച്ചിട്ടില്ല, നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല

സ.ഉ (പി) നം. 13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.
എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല/കുറവായി ഈടാക്കി. മറ്റു നടപടിക്രമങ്ങൾ പാലിച്ചിട്ടുമില്ല. കരാർ വെച്ച് പ്രവൃത്തി ആരംഭിച്ച സാഹചര്യത്തിൽ കരാർ തുകയുടെ 1% പിഴ/കുറവുവന്ന തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. (സെലക്ഷൻ നോട്ടീസിൽ തീയതി രേഖപ്പെടുത്താത്തവയിൽ ഭരണസമിതി തീരുമാന തീയതി അടിസ്ഥാനമാക്കിയാണ് പിഴ നിശ്ചയിച്ചിട്ടുള്ളത്.

| ക്രമ നം. | പ്രവൃത്തി, എ.പി.എ.സി ബിൽ നം./ തീയതി | ടെണ്ടർ അംഗീകരിച്ച തീയതി | സെലക്ഷൻ നോട്ടീസ് അയച്ച തീയ്യതി | എഗ്രിമെന്റ് തീയതി, കരാറുകാരൻ | ഈടാക്കേണ്ടിയിരുന്ന പിഴ(1%) ₹ | ഈടാക്കിയത് ₹ | ബാക്കി ഈടാക്കേണ്ടത് ₹ |
|---|---|---|---|---|---|---|---|
| 1. | 32/20- ചൂരിയോട് ഷിഹാബ് തങ്ങൾ റോഡ് കോൺക്രീറ്റ് 149597 ബിൽ നം.-44/ 13-3-2020- 150000/- | 27-8-2019 | 28-8-2019 | 50/AE/LSGD /TPA/30-10-2019 ചാമിക്കുട്ടി | 1496 | 0 | 1496 |
| 2. | 36/20- അലാറം പടി ചൂനിയാർ റോഡ് കോൺക്രീറ്റ് 99626 ബിൽ നം.-17/12-11-2019- 100000/- | 27-8-2019 | 28-8-2019 | 16/AE/LSGD /TPA/17-9-2019 സന്തോഷ്ക കുമാർ | 1000 | 0 | 1000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| 3. | 52/20- അച്ചിലട്ടി കപ്പക്കുന്ന് റോഡ് കോൺക്രീറ്റ് 199015 ബിൽ നം.-18/12-11-2019- 200000/- | 27-8-2019 | 28-8-2019 | 13/AE/LSGD /TPA/17-9-2019 സന്തോഷ്കുമാർ | 1990 | 0 | 1990 |
| 4. | 67/20- മാട്ടം ഇടച്ചോല റോഡ് കോൺക്രീറ്റ് 199506 ബിൽ നം.-55/ 13-3-2020- 200000/- | 27-8-2019 | 28-8-2019 | 46/AE/LSGD /TPA/16-10-2019 സിർലി ജോസ് | 1995 | 0 | 1995 |
| 5. | 51/20- ചീനിക്കപ്പാറ കള്ളിപ്പാറ എ.സി. റോഡ് കോൺക്രീറ്റ് 119166 ബിൽ നം.-45/ 13-3-2020- 120000/- | 27-8-2019 | 28-8-2019 | 52/AE/LSGD/ TPA/ 30-10-2019 ചാമിക്കുട്ടി | 1192 | 0 | 1192 |
| 6 | 46/20- ആസ്പത്രി ഇഞ്ചിക്കുന്ന് റോഡ് കോൺക്രീറ്റ് 99020 ബിൽ നം.-46/ 13-3-2020- 99540/- | 27-8-2019 | 28-8-2019 | 35/AE/LSGD/ TPA/ 1-10-2019 ഉസ്മാൻ .വി.എം. | 1000 | 0 | 1000 |
| 7. | 67/20- മൂന്നാം തോട് കിഴക്കേത്തല റോഡ് കോൺക്രീറ്റ് 249882 ബിൽ നം.-36/21-11-19- 250000/- | 27-8-2019 | 28-8-2019 | 36/AE/LSGD/ TPA/ 1-10-2019 ഉസ്മാൻ .വി.എം. | 2499 | 0 | 2499 |
| 8 | 31/20- ച്യൂരിയോട് ഒളപ്പമണ്ണ റോഡ് കോൺക്രീറ്റ് 199273 ബിൽ നം.-37/ 21-11-2019- 199361/- | 27-8-2019 | 28-8-2019 | 40/AE/LSGD /TPA/1-10-2019 ലത്തീഫ് .കെ | 1992 | 0 | 1992 |

| | | | | | | | |
|---|---|---|---|---|---|---|---|
| 9. | 54/20- നിരവ് കയ്യുണ്ട റോഡ് കോൺക്രീറ്റ് 149904 ബിൽ നം.-38/ 21-11-2019- 150000/- | 27-8-2019 | 28-8-2019 | 42/AE/LSGD /TPA/3-10-2019 ഷിജി. ടി. | 1499 | 0 | 1499 |
| 10 | 33/20- ചൂരിയോട് സി.എച്ച്. റോഡ് കോൺക്രീറ്റ് 99996 ബിൽ നം.-39/ 21-11-2019- 100000/- | 27-8-2019 | 28-8-2019 | 41/AE/LSGD /TPA/3-10-2019 ഷിജി. ടി. | 1000 | 0 | 1000 |
| 11. | 55/20- കെ.കെ ജംഗ്ഷൻ മുതൽ അക്കിടച്ചോല റോഡ് കോൺക്രീറ്റ് 289888 ബിൽ നം.-25/12-11-2019- 290000/- | 27-8-2019 | 28-8-2019 | 25/AE/LSGD /TPA/17-09-2019 കിനാനത്ത് | 2899 | 0 | 2899 |
| 12 | 45/20- ക്ലബ്ബ് ഇഞ്ചിക്കുന്ന് പൂതക്കുഴി റോഡ് കോൺക്രീറ്റ് 199884 ബിൽ നം.-24/ 12-11-2019- 197477/- | 27-8-2019 | 28-8-2019 | 46/AE/LSGD /TPA/16-10-2019 കിനാനത്ത് | 1999 | 0 | 1999 |
| 13 | 87/20- ലക്ഷം വീട് കോളനി റോഡ് കോൺക്രീറ്റ് 177788 ബിൽ നം.-51/ 13-3-2020- 177789/- | 27-8-2019 | 28-8-2019 | 55/AE/LSGD /TPA/23-12-2019 ഷിജു ജോർജ് | 1778 | 0 | 1778 |
| 14 | 65/20- ചോലക്കണ്ട് റോഡ് കോൺക്രീറ്റ് 209602 199506 ബിൽ നം.-50/ 13-3-020- 209552/- | 27-8-2019 | 28-8-2019 | 48/AE/LSGD /TPA/30-10-2019 ചാമിക്കുട്ടി | 2096 | 0 | 2096 |
| 15 | 59/20- എടായിക്കൽ മുരിങ്ങേനി റോഡ് കോൺക്രീറ്റ് 249891 ബിൽ നം.-49/ | 27-8-2019 | 28-8-2019 | 20/AE/LSGD /TPA/17-09-2019 കിനാനത്ത് | 2499 | 0 | 2499 |

| | | | | | | | |
|---|---|---|---|---|---|---|---|
| | 13-3-2020-<br>250000/- | | | | | | |
| 16 | 62/20-<br>തെക്കുംപുറം<br>കവറത്തൊടി<br>റോഡ്<br>കോൺക്രീറ്റ്<br>100000<br>ബിൽ നം.-48/<br>13-3-2020-<br>100000/- | 27-8-2019 | 28-8-2019 | 32/AE/LSGD<br>/TPA/27-9-2019<br>വിൻസ് ജോസ് | 1000 | 0 | 1000 |
| 17 | 38/20-<br>കോഴിയോട്<br>പള്ളത്ത് റോഡ്<br>കോൺക്രീറ്റ്<br>150000<br>3054780<br>ബിൽ നം.-47/<br>13-3-2020-<br>150000/- | 27-8-2019 | 28-8-2019 | 34/AE/LSGD<br>/TPA/27-9-2019<br>വിൻസ് ജോസ് | 1500 | 0 | 1500 |
| 18 | 48/20-<br>ചോലയിൽ കുണ്ട്<br>റോഡ്<br>കോൺക്രീറ്റ്<br>249215<br>ബിൽ നം.-54/<br>13-3-2020-<br>250000/- | 27-8-2019 | 28-8-2019 | 33/AE/LSGD<br>/TPA/27-9-2019<br>വിൻസ് ജോസ് | 2492 | 0 | 2492 |
| 19 | 49/20-<br>ചീനിക്കപ്പാറ<br>കുരിശ്ശുപള്ളി കുണ്ടം<br>പെട്ടി റോഡ്<br>കോൺക്രീറ്റ്<br>199896<br>ബിൽ<br>നം.-52/13-3-2020-<br>199897/- | 27-8-2019 | 28-8-2019 | 53/AE/LSGD<br>/TPA/23-12-2019<br>ഷിજ્ઞ ജോർജ് | 1999 | 0 | 1999 |
| 20 | 57/20 മാച്ചാംതോട്<br>ഉളിയൻ കല്ല്<br>റോഡ്<br>കോൺക്രീറ്റ്<br>99253<br>ബിൽ നം.<br>59/13-3-2020<br>99980 | 27-8-2019 | 28-8-2019 | 21/AE/LSGD<br>/TPA/17-09-2019<br>കിനാനത്ത് | 1000 | 0 | 1000 |
| 21 | 88/20 മുരിങ്ങേനി<br>റോഡ്<br>കോൺക്രീറ്റ്<br>149977<br>ബിൽ നം.<br>56/13-3-2020<br>150000 | 27-8-2019 | 28-8-2019 | 47/AE/LSGD<br>/TPA/16-10-2019<br>സിർലി ജോസ് | 1500 | 0 | 1500 |

| | | | | | | | |
|---|---|---|---|---|---|---|---|
| 22 | 47/20-പിച്ചളമുണ്ട വാട്ടർ അതോറിറ്റി റോഡ് കോൺക്രീറ്റ് 199902 ബിൽ നം. 26/ 12-11-2019 200000 | 27-8-2019 | 28-8-2019 | 43/AE/LSGD /TPA/16-10-2019 ഷിജി. ടി. | 1999 | 0 | 1999 |
| 23 | 90/20-നെല്ലിക്കുന്ന് തിരുത്തുമ്മേൽ റോഡ് കോൺക്രീറ്റ് 148369 ബിൽ നം.-41/ 21-1-2020 149273 | 27-8-2019 | 28-8-2019 | 39/AE/LSGD /TPA/1-10-2019 ഉസ്മാൻ .വി.എം. | 1484 | 0 | 1484 |
| 24 | 41/20-ഉഴുന്നുപറമ്പ് ചുള്ളി പ്പാറ റോഡ് കോൺക്രീറ്റ് 148369 ബിൽ നം. 35/ 21-11-2019 150000 | 27-8-2019 | 28-8-2019 | 27/AE/LSGD /TPA/26-9-2019 ജോർജ് .ടി.വി | 1483 | 0 | 1483 |
| 25 | 39/20- മീൻകുളത്തിക്കാവ് റോഡ് കോൺക്രീറ്റ് 224040 ബിൽ നം. 34/ 21-11-2019 224198 | 27-8-2019 | 28-8-2019 | 30/AE/LSGD/ TPA/ 26-9-2019 ജോർജ് .ടി.വി | 2240 | 0 | 2240 |
| 26 | 68/20-തച്ചെമ്പാറ മാട്ടം റോഡ് കോൺക്രീറ്റ് 199590 ബിൽ നം. 20/ 12-11-2019 200000 | 27-8-2019 | 28-8-2019 | 17/AE/LSGD/ TPA/ 17-09-2019 സന്തോഷ് കുമാർ | 1996 | 0 | 1996 |
| 27 | 60/20- ചന്ദനംകുണ്ട് സബ്ബ് കനാൽ റോഡ് കോൺക്രീറ്റ് 199568 ബിൽ നം 19/12-11-2019 200000 | 27-8-2019 | 28-8-2019 | 15/AE/LSGD/ TPA/ 17-09-2019 സന്തോഷ് കുമാർ | 1996 | 0 | 1996 |
| 28 | 140/20-ആനക്കല്ല് റോഡ് ഡ്രൈയിനേജ് നിർമാണം 149963 ബിൽ നം 42/ | 30-3-2018 | 23-8-2018 | 62/AE/LSGD/ TPA/6-9-2019 ചാമിക്കുട്ടി | 1500 | 0 | 1500 |

| | | | | | | | |
|---|---|---|---|---|---|---|---|
| | 21-1-2020<br>148665 | | | | | | |
| 29 | 61/20തെക്കുംപുറം പഴനിമാസ്റ്റ് റോഡ് കോൺക്രീറ്റ്<br>174874<br>ബിൽ നം 42/21-1-2020 2020-<br>175000 | 27-8-2019 | 28-8-2019 | 38/AE/LSGD/ TPA/<br>1-10-2019<br>ഉസ്മാൻ.വി.എം. | 1749 | 0 | 1749 |
| 30 | 139/20മൂന്നാം തോട് അംഗൻവാടി അറ്റകുറ്റപ്പണികൾ<br>305126<br>ബിൽ നം 6/26-6-2019-<br>305478 | 27-8-2019 | 28-8-2019 | 83/AE/LSGD/ TPA/17-12-2019<br>ഷിജ്ജ ജോർജ് | 3051 | 0 | 3051 |
| 31 | 71/20-കുറ്റമ്പാടം മൂർഖൻ ചോല റോഡ് കോൺക്രീറ്റ്<br>149188<br>ബിൽ നം 23/-12-11-2019-<br>150000 | 27-8-2019 | 28-8-2019 | 23/AE/LSGD/ TPA/17-09-2019<br>കിനാനത്ത് | 1492 | 0 | 1492 |
| 32 | 187/20-പാലക്കയം വെയ്റ്റിങ്ങ് ഷെഡ്ഡ് നിർമാണം.<br>150000<br>ബിൽ നം 57/13-3-2020-<br>150000 | 27-8-2019 | 28-8-2019 | 74/AE/LSGD /TPA/29-11-2019<br>സിർലി ജോസ് | 1500 | 0 | 1500 |
| | ആകെ കുറവ് | | | | | | 56915 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 11/21-12-2021) ന് ലഭ്യമാക്കിയ മറുപടിയിൽ ടി തുകകൾ കരാറുകാരിൽ നിന്ന് തിരിച്ച് പിടിച്ച് അടവാക്കാം എന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ പിഴ ഇനത്തിൽ കുറവ് സംഭവിച്ച തുകകൾ കരാറുകാരിൽ നിന്നോ ഉത്തരവാദികളായ അസിസ്റ്റന്റ് എഞ്ചിനീയറുമാരിൽ നിന്നോ ഈടാക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-27 പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല

താഴെ പറയുന്ന പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും കേരള പൊതുമരാമത്ത് മാന്വലിലെയും കരാറുകാരനും അസിസ്റ്റന്റ് എഞ്ചിനീയറും തമ്മിലുണ്ടാക്കിയ കരാറിലെയും വ്യവസ്ഥ പ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കിയിട്ടില്ല.

G.O.(P) No.13/2012/PWD, Dt 1-2-2012 മുഖേന പ്രസിദ്ധീകരിച്ച 2012 ലെ PWD Manual പ്രകാരം അനുവദനീയമായ പൂർത്തീകരണ കാലാവധി നീട്ടൽ സംബന്ധിച്ച് താഴെപ്പറയും പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

The Extension Of Time Of Completion That Can Be Granted At A Time Shall Not Exceed 25% Of The Original Time Or Six Months Whichever Is Less. The Maximum Extension That Can Be Granted For A Work Shall Be Limited To Half The Original Time Of Completion.

കൂടാതെ പ്രവൃത്തി പൂർത്തീകരണം വൈകിയാൽ കരാറുകാരന്റെ അപേക്ഷയിന്മേൽ തീരുമാനമെടുത്ത് സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കണം എന്നും പ്രവൃത്തി പൂർത്തീകരണം വൈകിയതിന് താഴെ സൂചിപ്പിച്ചിട്ടുള്ള നിരക്കിൽ പിഴ ഈടാക്കണം എന്നും മാനുവലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

Fines For Extensio n Of Time

| Period | Rate Of Fine |
|---|---|
| First Extension | 1% Of The PAC Subject To A Minimum Of Rs. 1000 And Maximum Of Rs. 50000 |
| Beyond First Extension | 2% Of The PAC Subject To A Minimum Of Rs. 2000 And Maximum Of Rs. 100000 |

താഴെപ്പറയുന്ന പ്രവൃത്തികളിൽ പിഴ ഈടാക്കിയതിൽ കുറവ് സംഭവിച്ചത് ചുവടെ ചേർക്കുന്നു.

1. പ്രൊജക്ട് നമ്പരും പേരും: SO - 170/20 -ഇറച്ചിത്തൊടി കനാൽ നടപ്പാലം

അടങ്കൽ: - 399000, ഫണ്ടിനം: 399000 - വികസനഫണ്ട് (ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് )

ചെലവ്: 397878, ബിൽ നം. 12/19-20 , 23-7-2019, 324000രൂ.

ചെക്ക് നം. ലഭ്യമല്ല/19-20, തീയ്യതി. ലഭ്യമല്ല., 73878 രൂ..

കരാർ നം.77/AE/LSGD/TPA/18-19, Dt: 11-12-2018 -(PAC): 397329,
കരാറുകാരൻ: വി.എം. ഉസ്മാൻ

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 25-3-2019 (സെലക്ഷൻ നോട്ടീസ്, എഗ്രിമെന്റ് എന്നിവ പ്രകാരം)

സ്ഥലം കൈമാറിയ തീയ്യതി. 11-12-2018

പൂർത്തീകരിച്ച തീയ്യതി: 11-7-2019, അളവു പുസ്തകം: 81/18-19

ആകെ പ്രവൃത്തി മൂല്യം: 397878

4 മാസം ആണ് പ്രവൃത്തി പൂർത്തീകരണത്തിന് അനുവദിച്ചിട്ടുള്ള സമയം. എന്നാൽ ടി സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതെ യാതൊരു അപേക്ഷയും സമർപ്പിക്കാതെ പ്രവൃത്തി തുടരുകയും ചെയ്തിരിക്കുന്നു. കൂടാതെ പ്രവൃത്തി പൂർത്തീകരണ കാലാവധിയെക്കാൾ 50% ൽ അധികം കാലാവധി ദീർഘിപ്പിച്ച് നൽകിയതും ക്രമപ്രകാരമല്ല.

ടി പ്രോജക്ടിൽ താഴെപ്പറയുന്ന അപാകതകളും കാണുന്നു.

-പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടും സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല.

-പ്രവൃത്തി പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് ബിൽ തുക നൽകിയതിന് യാതൊരു അനുമതികളും ലഭ്യമാക്കിയിട്ടില്ല.

ആയതിനാൽ കരാറുകാരനിൽ നിന്നും താഴെസൂചിപ്പിക്കും പ്രകാരം പിഴ ഈടാക്കേണ്ടിയിരുന്നു.

ഈടാക്കേണ്ട പിഴ:

ആദ്യത്തെ 1 മാസം (പൂർത്തീകരണ കാലാവധിയുടെ 25%): 3973 (PACയുടെ 1%)

രണ്ടാമത്തെ ഒന്നര മാസം (പൂർത്തീകരണ കാലാവധിയുടെ 25%): 7946 (PACയുടെ 2%)

ആകെ ഈടാക്കേണ്ടത്: 11919

ഈടാക്കിയത്: – 0

ഈടാക്കിയതിൽ കുറവ്: 11919

2. പ്രൊജക്ട് നമ്പരും പേരും: SO - 41/20-ഉഴുന്നുപറമ്പ് ചുള്ളിപ്പാറ റോഡ് കോൺക്രീറ്റ്

അടങ്കൽ: – 150000, ഫണ്ടിനം: 150000 വികസനഫണ്ട് (ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് )

ചെലവ്: 150000 , ബിൽ നം. 35/21-11-2019, 150000രൂ.

കരാർ നം.27/AE/LSGD/TPA/18-19, Dt: 26-9-2019 -(PAC): 150000രൂ. ,
കരാറുകാരൻ: ജോർജ് .ടി.വി

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 27-11-2019 (സെലക്ഷൻ നോട്ടീസ്, എഗ്രിമെന്റ് എന്നിവ പ്രകാരം)

സ്ഥലം കൈമാറിയ തീയ്യതി. 26-9-2019

പൂർത്തീകരിച്ച തീയ്യതി: 9-12-2019, അളവു പുസ്തകം: 36/17-18

ആകെ പ്രവൃത്തി മൂല്യം: 150000

2 മാസം ആണ് പ്രവൃത്തി പൂർത്തീകരണത്തിന് അനുവദിച്ചിട്ടുള്ള സമയം. എന്നാൽ ടി സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതെ യാതൊരു അപേക്ഷയും സമർപ്പിക്കാതെ പ്രവൃത്തി തുടരുകയും ചെയ്തിരിക്കുന്നു.

ആയതിനാൽ കരാറുകാരനിൽ നിന്നും താഴെസൂചിപ്പിക്കും പ്രകാരം പിഴ ഈടാക്കേണ്ടിയിരുന്നു.

ഈടാക്കേണ്ട പിഴ:

ആദ്യത്തെ 15 ദിവസം (പൂർത്തീകരണ കാലാവധിയുടെ 25%): 1500 (PACയുടെ 1%)

ആകെ ഈടാക്കേണ്ടത്: 1500 രൂ.

ഈടാക്കിയത്: -0

ഈടാക്കിയതിൽ കുറവ്: 1500 രൂ.

3. പ്രൊജക്ട് നമ്പരും പേരും : SO 39/20- മീൻകുളത്തിക്കാവ് റോഡ് കോൺക്രീറ്റ്

അടങ്കൽ: – 225000, ഫണ്ടിനം: 225000 വികസനഫണ്ട് (ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് )

ചെലവ്: 224198 , ബിൽ നം. 34/21-11-2019, 224198രൂ.

കരാർ നം.30/AE/LSGD/TPA/19-20, Dt: 26-9-2019 -(PAC): 224040, കരാറുകാരൻ: ജോർജ് .ടി.വി

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 27-11-2019 (സെലക്ഷൻ നോട്ടീസ്, എഗ്രിമെന്റ് എന്നിവ പ്രകാരം)

സ്ഥലം കൈമാറിയ തീയ്യതി. 26-9-2019

പൂർത്തീകരിച്ച തീയ്യതി: 5-12-2019, അളവു പുസ്തകം: 21/19-20

ആകെ പ്രവൃത്തി മൂല്യം: 224198

2 മാസം ആണ് പ്രവൃത്തി പൂർത്തീകരണത്തിന് അനുവദിച്ചിട്ടുള്ള സമയം. എന്നാൽ ടി സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതെ യാതൊരു അപേക്ഷയും സമർപ്പിക്കാതെ പ്രവൃത്തി തുടരുകയും ചെയ്തിരിക്കുന്നു.

ആയതിനാൽ കരാറുകാരനിൽ നിന്നും താഴെസൂചിപ്പിക്കും പ്രകാരം പിഴ ഈടാക്കേണ്ടിയിരുന്നു.

ഈടാക്കേണ്ട പിഴ:

ആദ്യത്തെ 15 ദിവസം (പൂർത്തീകരണ കാലാവധിയുടെ 25%):: 2240 (PACയുടെ 1%)

ആകെ ഈടാക്കേണ്ടത്: 2240

ഈടാക്കിയത്: -0

ഈടാക്കിയതിൽ കുറവ്: 2240

4. പ്രൊജക്റ്റ് നമ്പരും പേരും : SO 48/20- ചോലയിൽ കുണ്ട് റോഡ് കോൺക്രീറ്റ്

അടങ്കൽ: – 250000, ഫണ്ടിനം: 250000 വികസനഫണ്ട് (ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് )

ചെലവ്: 250000 രൂ , ബിൽ നം. 54/31-3-2020- 250000 രൂ..

കരാർ നം.33/AE/LSGD/TPA/19-20, Dt: 27-9-2019 -(PAC): 249215, കരാറുകാരൻ: വിൻസ് ജോസ്

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 27-11-2019 ( സെലക്ഷൻ നോട്ടീസ്, എഗ്രിമെന്റ് എന്നിവ പ്രകാരം)

സ്ഥലം കൈമാറിയ തീയ്യതി. 27-9-2019

പൂർത്തീകരിച്ച തീയ്യതി: 16-1-2020, അളവു പുസ്തകം: 44/19-20

ആകെ പ്രവൃത്തി മൂല്യം: 250000 രൂ

2 മാസം ആണ് പ്രവൃത്തി പൂർത്തീകരണത്തിന് അനുവദിച്ചിട്ടുള്ള സമയം. എന്നാൽ ടി സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതെ യാതൊരു അപേക്ഷയും സമർപ്പിക്കാതെ പ്രവൃത്തി തുടരുകയും ചെയ്തിരിക്കുന്നു.

ആയതിനാൽ കരാറുകാരനിൽ നിന്നും താഴെസൂചിപ്പിക്കും പ്രകാരം പിഴ ഈടാക്കേണ്ടിയിരുന്നു.

ഈടാക്കേണ്ട പിഴ:

ആദ്യത്തെ 15 ദിവസം (പൂർത്തീകരണ കാലാവധിയുടെ 25%):: 2492 (PACയുടെ 1%)

രണ്ടാമത്തെ 15 ദിവസം (പൂർത്തീകരണ കാലാവധിയുടെ 25%) :4984(PACയുടെ 2%)

ആകെ ഈടാക്കേണ്ടത്: 7476

ഈടാക്കിയത്: -0

ഈടാക്കിയതിൽ കുറവ്: 7476

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/21-12-2021) ലഭ്യമാക്കിയ മറുപടിയിൽ സാങ്കേതിക അനുമതിയിൽ സൂചിപ്പിച്ച കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ടി മറുപടി അംഗീകരിക്കുന്നില്ല. സാങ്കേതിക അനുമതിയിൽ സൂചിപ്പിച്ചിട്ടുള്ളത് ഒരു പ്രവൃത്തിക്ക് നൽകാവുന്ന പരമാവധി കാലയളവാണ്. എന്നാൽ പ്രവൃത്തി അനുവദിക്കുമ്പോൾ ഓരോ പ്രവൃത്തിയുടെയും ഘടന, സാഹചര്യങ്ങൾ എന്നിവ വിലയിരുത്തി നിർവ്വഹണ ഉദ്യോഗസ്ഥരായ അസിസ്റ്റന്റ് എഞ്ചിനീയർമാർ അതാതു സമയത്ത് അനുവദിക്കുന്ന സമയപരിധിയാണ് പ്രവൃത്തി പൂർത്തീകരണത്തിന് ബാധമായിട്ടുള്ളത്. ആയത് സെലക്ഷൻ നോട്ടീസിലും കരാറിലും വ്യക്തമാക്കുന്നു.

മേൽസൂചിപ്പിച്ച പ്രവൃത്തികളിൽ സെലക്ഷൻ നോട്ടീസിലും കരാറിലും സൂചിപ്പിച്ചിട്ടുള്ള കാലയളവ് അനുസരിച്ചാണ് പിഴ കാണക്കാക്കിയിട്ടുള്ളത്. ആയതിനാൽ പിഴ ഇനത്തിൽ കുറവ് സംഭവിച്ചിട്ടുള്ള തുക 23135/- രൂ. ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയർമാരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-28 മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ അവശ്യം വേണ്ട രേഖകൾ സൂക്ഷിച്ചിരിക്കുന്നില്ല

കേരള പൊതു മരാമത്ത് മാന്വൽ, 2012 പ്രകാരം മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിൽ പാലിക്കേണ്ട നടപടക്രമങ്ങളും ഫയലുകളിൽ സൂക്ഷിക്കേണ്ട രേഖകളും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മരാമത്ത് പ്രവൃത്തികളിൽ പല ഫയലുകളിലും അവശ്യം വേണ്ട രേഖകൾ പോലും സൂക്ഷിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി. എഞ്ചിനിയർ

| പ്രവൃത്തിയിടെ പേര് | ഫയലിനൊപ്പം സൂക്ഷിക്കാത്ത രേഖകൾ |
|---|---|
| 45/20- ക്ലബ്ബ് ഇഞ്ചിക്കുന്ന് പൂതക്കുഴി റോഡ് കോൺക്രീറ്റ് | എസ്റ്റിമേറ്റ്,<br>എസ്റ്റിമേറ്റ് റിപ്പോർട്ട്<br>ടെണ്ടറുകൾ<br>സെലക്ഷൻ നോട്ടീസ്<br>പൂർത്തീകരണ റിപ്പോർട്ട്<br>മോണിറ്ററിംഗ് റിപ്പോർട്ട് |
| SO - 170/20 -ഇറച്ചിത്തൊടി കനാൽ നടപ്പാലം | എസ്റ്റിമേറ്റ്,<br>എസ്റ്റിമേറ്റ് റിപ്പോർട്ട്<br>റിവൈസ്ഡ് എസ്റ്റിമേറ്റ്,<br>പൂർത്തീകരണ റിപ്പോർട്ട്<br>മോണിറ്ററിംഗ് റിപ്പോർട്ട് |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/22-1-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മരാമത്ത് പ്രവൃത്തികളിൽ അവശ്യം വേണ്ട രേഖകൾ സൂക്ഷിക്കുന്നതിനും ആയവ പൂർണമായി രേഖപ്പെടുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-29 കരാറുകാരന് ടെണ്ടർ തുകയേക്കാൾ അധികം നൽകിയതിൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

താഴെ ചേർത്തിട്ടുള്ള പ്രവൃത്തി മതിയായ അംഗീകാരങ്ങൾ ലഭ്യമാക്കാതെയാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. കരാറുകാരന് ടെണ്ടർ തുകയേക്കാൾ അധികം നൽകിയതായി കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം. , പേര്. 187/20-പാലക്കയം വെയ്റ്റിംഗ് ഷെഡ് നവീകരണം

ചെലവ് . 150000, ബിൽ നം. 57/13-3-2021, Rs. 150000

എം. ബുക്ക് നം. 20/19-20

കരാറുകാരന്റെ പേര്: ശ്രീ.കിനാനത്ത് വി.പി.

പാലക്കയം ജംഗ്ഷനിലുള്ള ബസ് കാത്തിരിപ്പ കേന്ദ്രം നവീകരണം എന്ന പ്രവൃത്തിയുടെ ഫയലിൽ മൂന്ന് എസ്റ്റിമേറ്റുകൾ സൂക്ഷിച്ചിട്ടുണ്ട്. ആദ്യത്തെ എസ്റ്റിമേറ്റ് 300000 രൂപയുടെ ആണ്. ആയതിന് സാങ്കേതിക അനുമതി ലഭിക്കുകയും 11-10-2018 ന് ടെണ്ടർ നടത്തുകയും ചെയ്തിട്ടുണ്ട്. കരാറുകാരന് പ്രവൃത്തി അനുവദിച്ചു കൊണ്ട് 1-11-2018 ന് സെലക്ഷൻ നോട്ടീസ് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കരാർ വെച്ചതായി എഗ്രിമെന്റ് റജിസ്റ്ററിലും ഫയലിലും രേഖപ്പെടുത്തലുകളുണ്ട്. (ഒറിജിനൽ എഗ്രിമെന്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല).

എന്നാൽ പ്രോജക്ടിൽ ആവശ്യമായ ഭേദഗതി വരുത്താതെ പിന്നീട് 106000/- രൂപയുടെ മറ്റൊരു എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയതിന് സാങ്കേതിക അനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 7-3-2019 ൽ വീണ്ടും ടെണ്ടർ നടത്തുകയും ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് നിരക്കിൽ 105929/- രൂപയ്ക്ക് കരാർ ഉറപ്പിക്കുകയും ടെണ്ടർ ചെയ്തിട്ടുണ്ട്.
എന്നാൽ പിന്നീട് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും 150000/- രൂപയുടെ എസ്റ്റിമേറ്റ് രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയതനുസരിച്ച് ബിൽ തുക നൽകുകയും ചെയ്തിട്ടുണ്ട്.
പൊതു മരാമത്ത് മാനുവൽ പ്രകാരമുള്ള യാതൊരു വ്യവസ്ഥകളും പാലിക്കാതെ പ്രവൃത്തി ചെയ്യുന്നത് ക്രമപ്രകാരമല്ല. ഇതു സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം. 22/28-12-2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

കരാറുകാരൻ ടെണ്ടറിൽ രേഖപ്പെടുത്തിയിട്ടുള്ള തുക 105929/- രൂപ ആണ്. ടി തുകയേക്കാൾ അധികം നൽകുന്നതിന് പിന്നീട് തീരുമാനങ്ങൾ എടുക്കുകയോ ടെണ്ടർ വീണ്ടും നടത്തുകയോ ചെയ്തിട്ടില്ല. കൂടാതെ ഇപ്രകാരം തുക നൽകുന്നതിന് തയ്യാറാക്കിയ എസ്റ്റിമേറ്റ് അംഗീകരിച്ചതായും കാണുന്നില്ല. ആയതിനാൽ ടെണ്ടർ തുകയേക്കാൾ അധികം നൽകുന്നത് ക്രമപ്രകാരമല്ല. ആയതിനാൽ അധികം നൽകിയ 44071 (150000-105929) രൂ. ആവശ്യമായ രേഖകൾ ലഭ്യമാക്കുന്നതുവരെ തടസ്സത്തിൽ വെക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അംഗീകൃത പദ്ധതിക്ക് വിരുദ്ധമായി സബ്സിഡി വിനിയോഗിച്ചു- തുക തിരികെ ഈടാക്കണം

2019-20 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പൊതു വിഭാഗം ഉല്പാദന മേഖലയിൽ ഉൾപ്പെടുത്തി വനിതാ ഗ്രൂപ്പുകൾക്ക് കയർപിരി യൂണിറ്റ്-പ്രൊജക്ട് നം. 195/20, സ്വയം തൊഴിൽ സംരംഭം (വനിത) -പ്രൊജക്ട് നം.196/20 എന്നീ രണ്ട് പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിരുന്നു. ഗ്രൂപ്പുകളുടെ ഘടനയും ക്ലേശഘടകങ്ങളും വ്യക്തമാക്കാതെയാണ് പദ്ധതികൾ രൂപീകരിച്ചത്. പദ്ധതിയിൽ പരിഗണിക്കുന്ന സ്വയം തൊഴിൽ സംരംഭങ്ങൾ നിലവിലുള്ളവയാണോ പുതിയവയാണോ എന്നതും അംഗീകൃത പദ്ധതിയിൽ വ്യക്തമല്ല. രണ്ട് പദ്ധതികളിലുമായി ഉൾപ്പെട്ട 6 ഗ്രൂപ്പുകളിൽ ഓരോന്നിലും 3 വനിതകൾ വീതമാണ് ഉള്ളത്. സ്വയം തൊഴിൽ സംരംഭങ്ങളിലേക്ക് ഒരു ലക്ഷം രൂപക്കോ അതിനുമുകളിലോ വിലയ്ക്ക് അസംസ്കൃത വസ്തുക്കൾ വാങ്ങിയതിന്റെ ബില്ല് ഹാജരാക്കുന്ന മുറക്ക് വിലയുടെ 50% പരമാവധി 50000/- രൂപ സബ്സിഡി നൽകി തൊഴിൽ മേഖലയിൽ ഉല്പാദന വർദ്ധനവും വനിതകളുടെ ജീവിത നിലവാരം ഉയർത്തലും ആയിരുന്നു പദ്ധതി ലക്ഷ്യങ്ങൾ. എന്നാൽ സബ്സിഡി തുക നല്കിയശേഷം മോണിറ്ററിംഗ് ഉണ്ടായില്ല. എല്ലാ ഗ്രൂപ്പുകളും സബ്സിഡി തുക ഉപയോഗിച്ച് വായ്പ തിരിച്ചടക്കുകയാണ് ചെയ്തത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

എ) പ്രൊജക്ട് നം 195/20 കയർപിരി യൂണിറ്റ് (വനിത)

അടങ്കൽ – 400000
200000/- സബ്സിഡി(പ്ലാൻ ജനറൽ), (200000/- വായ്പ (ഗ്രൂപ്പുകൾ നേരിട്ട് എടുക്കുന്നത്),
ചെലവ്- 200000 (ട്രഷറി ബിൽ നം.02/27.08.19)

ഈ പ്രൊജക്ടിൽ അശ്വതി, ഏഞ്ചൽ, സെന്റ് മേരീസ്, സെന്റ് ജ്യൂഡ് എന്നീ 4 കയർപിരി യൂണിറ്റുകളാണ്

ഉണ്ടായിരുന്നത്. ഗ്രൂപ്പുകൾ വായ്പ എടുത്തതിന്റെയും സബ്സിഡി അനുവദിച്ചതിന്റെയും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| യൂണിറ്റ് | പദ്ധതി പ്രകാരം നൽകിയ സബ്സിഡി ഉപയോഗിച്ചതിന്റെ വിവരങ്ങൾ. |
|---|---|
| 1.അശ്വതി കയർപിരി യൂണിറ്റ് (സരോജിനി, ദേവകി, പാർവ്വതി ) | ശ്രീമതി സരോജിനി അറപ്പുരക്കൽ എന്നവരുടെ പേരിൽ 100000/- രൂപ വായ്പ തച്ചമ്പാറ SCB യിൽ നിന്ന് 07.09.2019 ന് അനുവദിച്ചു.<br>50000/- രൂപ സബ്സിഡി തുക ഉപയോഗിച്ച് 07.09.2019 നും ബാക്കി 50000/-9.9.19 നും അടച്ചു.<br>9.9.19ന് ലോൺ ക്ലോസ് ചെയ്തു. |
| 2.ഏഞ്ചൽ കയർപിരി യൂണിറ്റ് (ത്രേസ്യാമ്മ ഷാജു, തങ്ക, മിനിഷിബി ) | ശ്രീമതി ത്രേസ്യാമ്മ ഷാജു ന്റെ പേരിൽ 100000/- രൂപ വായ്പ തച്ചമ്പാറ SCB യിൽ നിന്ന് 05.09.2019 ന് അനുവദിച്ചു.<br>50000/- രൂപ 05.09.2019 ന് സബ്സിഡി തുക ഉപയോഗിച്ച് അടച്ചു. ബാക്കി തുകക്ക് ബാങ്ക് നടപടികളെടുത്തു വരുന്നു. |
| 3. സെന്റ് മേരീസ് കയർപിരി യൂണിറ്റ് (മേരിവർഗ്ഗീസ്, രാജൻ മേരി പൂതക്കുഴി, ലീല കാഞ്ഞിര മുകളേൽ) | ശ്രീമതി .മേരി വർഗ്ഗീസിന്റെപേരിൽ 04.09.2019 ന് തച്ചമ്പാറ SCB യിൽ നിന്ന് വായ്പ അനുവദിച്ച 100000 രൂപയിൽ 50000 രൂപ 4.9.19 നു തന്നെ ബാക്കി തുക അടച്ച് 02.06.21 ന് വായ്പ ക്ലോസ് ചെയ്തു. |
| 4.സെന്റ് ജൂഡ് കയർപിരി യൂണിറ്റ് ജെസി കുര്യാക്കോസ്, സെലിൻ ജോണി, അച്ചാമ്മ തോമസ് | ജെസി കുര്യാക്കോസ് ന്റെ പേരിൽ 4.9.19 എടുത്ത 100000 രൂപ വായ്പയിൽ 50000 രൂപ 4.9.19 നു തന്നെ സബ്സിഡി തുക ഉപയോഗിച്ച് തിരിച്ചടച്ചു.ബാക്കി തുകക്ക് ബാങ്ക് നടപടികളെടുത്തു വരുന്നു. |

ബി) പ്രൊജക്ട് നം 196/20 സ്വയം തൊഴിൽ സംരംഭം (വനിത)

നിർവ്വഹണം -അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ 492000/- ചെലവ് 100000/- പ്ലാൻ ജനറൽ.

പ്രസ്തുത പദ്ധതിക്കുകീഴിൽ 2 ഗ്രൂപ്പുകൾക്കാണ് ബ്യൂട്ടി പാർലർ, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം എന്നീ സംരംഭങ്ങൾക്കു വേണ്ടി സബ്സിഡി അനുവദിച്ചത്. ജാസ്മിൻ കുടുംബശ്രീ, സാന്ത്വനം കുടുംബശ്രീ എന്നീ

യൂണിറ്റുകൾക്ക് (CDSലെ രേഖകൾ പ്രകാരം ഇവ കുടുംബശ്രീ യൂണിറ്റുകളായി രജിസ്റ്റർ ചെയ്തിട്ടില്ല.) പദ്ധതി പ്രകാരം നൽകിയ സബ്സിഡി ഉപയോഗിച്ചതിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| യൂണിറ്റ് | പദ്ധതി പ്രകാരം നൽകിയ സബ്സിഡി ഉപയോഗിച്ചതിന്റെ വിവരങ്ങൾ. |
|---|---|
| 1. ജാസ്മിൻ കുടുംബശ്രീ | ശ്രീമതി സുനിത നീറേങ്ങൽ എന്നവരുടെ പേരിൽ 100000/- രൂപ വായ്പ തച്ചമ്പാറ SCB യിൽ നിന്ന് 02.08.2019 ന് അനുവദിച്ചു.<br>50000/- രൂപ സബ്സിഡി തുക ഉപയോഗിച്ച് 02.08.2019 ന് അടച്ചു.<br>8.10.21 ന് ലോൺ ക്ലോസ് ചെയ്തു. |
| 2.സാന്ത്വനം കുടുംബശ്രീ | ശ്രീമതി ബീനാമ്മകുന്നുംപുറത്ത് ന്റെ പേരിൽ 100000/- രൂപ വായ്പ തച്ചമ്പാറ SCB യിൽ നിന്ന് 20.09.2019 ന് അനുവദിച്ചു.<br>50000/- രൂപ 20.09.2019 ന് സബ്സിഡി തുക ഉപയോഗിച്ച് അടച്ചു. ബാക്കി തുകഅടച്ച് 30.12.19 ന്<br>ലോൺ ക്ലോസ് ചെയ്തു.. |

മേൽ സൂചിപ്പിച്ച വിവരങ്ങളിൽ നിന്ന്, അംഗീകൃത പദ്ധതി പ്രകാരമല്ല സബ്സിഡി തുക വിനിയോഗിക്കപ്പെട്ടത് എന്ന് വ്യക്തമാണ്. സബ്സിഡി തുക നേടുന്നതിന് മാത്രമായി വായ്പ എടുത്തുവെന്നാണ് രേഖകളിൽ നിന്ന് വ്യക്തമാകുന്നത്. ഒരുഘട്ടത്തിലും പദ്ധതിയുടെ മോണിറ്ററിംഗ് നടന്നതായി രേഖകളില്ല.
ഗ്രാമപഞ്ചായത്ത് അനുവദിച്ച സബ്സിഡി തുക നഷ്ടമായതായി ഓഡിറ്റ് വിലയിരുത്തുന്നു.

തുക തിരികെ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/26.12.21) നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല.
മേൽസൂചിപ്പിച്ച കാരണങ്ങളാൽ, വികസന ഫണ്ടിൽ നിന്നും സബ്സിഡി ഇനത്തിൽ അനുവദിച്ച 300000/- രൂപ 6 ഗ്രൂപ്പുകളിൽ നിന്നും 50000/- രൂപ വീതം അടവാക്കുന്ന തിയ്യതി വരെ ബാധകമാകുന്ന പലിശ സഹിതം തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 14.12.21 | ഗ്രാന്റ് വിനിയോഗ സാക്ഷ്യ പത്രം അനുബന്ധമായി ചേർത്തിട്ടുണ്ട് |

### 4-2 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം | തുക | ലഭിച്ച | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| നൽകിയ സ്ഥാപനം | ലഭിച്ച വർഷം | തുക | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 18-19 | 34971 | ലൈഫ് ഭവന നിർമ്മാണം (SCP) | 0 | 34971 |
| ബ്ലോക്ക് പഞ്ചായത്ത് | 19-20 | 85000 | സമഗ്ര നെൽകൃഷി വികസന പദ്ധതി | 85000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 19-20 | 400000 | സാന്ത്വന പരിചരണ പദ്ധതി | 395979 | 4021 |
| ബ്ലോക്ക് പഞ്ചായത്ത് | 19-20 | 746824 | ലൈഫ് ഭവന പദ്ധതി | 740000 | 6824 |
| ബ്ലോക്ക് പഞ്ചായത്ത് | 19-20 | 36114 | പാലിന് സബ്സിഡി | 36114 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 19-20 | 50000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്(121/20) | 50000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 19-20 | 118970 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്(164/20) | 118970 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 19-20 | 144231 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 0 | 144231 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18ന മുമ്പുള്ള തുക | 51859 | ശ്മശാന നവീകരണം | 0 | 51859 |
| ജില്ലാ പഞ്ചായത്ത് | 19-20 | 125000* | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 125000 | 0 |
| ജില്ലാ പഞ്ചായത്ത് | 19-20 | 950747 | ലൈഫ് ഭവന പദ്ധതി | 940000 | 10747 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവ ഴിച്ച തുക | ചെലവ ഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | പ്രൊ.13 കടിവെള്ള പൈപ്പ് ലൈൻ റിപ്പയർ | ട്രഷറി ബിൽ നം.21/25.1.20 | 200000 | 0 | 200000 |
| KSEB | പ്രൊ.19 ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | ട്രഷറി ബിൽ നം.15/5.10.19 | 45000 | 0 | 45000 |
| KWA | പ്രൊ.128 മരുതങ്ങനടി കോളനി കടിവെള്ള പൈപ്പ്ലൈൻ നീട്ടൽ | ട്രഷറി ബിൽ നം.5/18.01.20 | 50000 | 0 | 50000 |
| KWA | പ്രൊ.129 കിഴക്കേച്ചോല | ട്രഷറി ബിൽ നം.6/18.01.20 | 100000 | 0 | 100000 |

| | | | | | |
|---|---|---|---|---|---|
| | കോളനി കുടിവെള്ള പൈപ്പ്ലൈൻ നീട്ടൽ | | | | |

മോണിറ്ററിംഗ് റിപ്പോർട്ട് സഹിതം വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നുമില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 15520000/- രൂപ വരവുണ്ട്. മുൻബാക്കി ഇല്ല. 15520000/- രൂപയിൽ 13520000/- രൂപ വിനിയോഗിച്ചു. ബാക്കി 2000000/- രൂപയും 22201/- രൂപ പലിശയും ഉൾപ്പെടെ 2022201/- രൂപ SBI അക്കൗണ്ട് നം 38106966199 ൽ നീക്കിയിരിപ്പുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ലോൺ (ലൈഫ് ഭവന പദ്ധതി ) | - | 15520000 | 9389692 | 1362633 | - | 23547059 |
| ഇ.എം.എസ് ഭവന പദ്ധതി ലോൺ | - | 14596500 | 711236 | 711236 | 500000 * | മുതൽ- ബാക്കി ഇല്ല പലിശ- വിവരം ലഭ്യമല്ല. |

1352941 (Source Deduction) + 9692 (Unutilised Amount Repaid)

പ്രൊ.നം 05/20 പ്രകാരം പൊതു വിഭാഗം വികസന ഫണ്ടിൽ നിന്ന് 21.8.19 ന് അടവാക്കിയ തുകയാണ് 711236/- രൂപ.

* പലിശ സംസ്ഥാന സർക്കാർ നേരിട്ട് അടവാക്കിയതാണ്.

## 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വാർഷികകണക്കിൽ ഉൾപ്പെടുത്തിയ 10058/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ | ഒടുക്കിയ ആളുടെ പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

| | | തുക | ഉദ്യോഗപ്പേരും | |
|---|---|---|---|---|
| 2017-18<br>- | 3(19)<br>- | 4500<br>+<br>81 | ശ്രീ.എം.ഹരികൃഷ്ണൻ, സെക്രട്ടറി.<br>- | 119010101595/7.8.19<br>81/- രൂപ 7/19 ൽ അധികം നൽകിയ വൈദ്യുതി ചാർജ്ജ് തിരിച്ചടച്ചതാണ്. |
| - | - | 5477 | - | 5477 രൂപ ശമ്പള ഇനത്തിൽ തച്ചമ്പാറ ഗ്രാമപഞ്ചാ യത്തിൽ നിന്ന് അധികം നൽകിയത് KSAD ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയ ത്തിലെ KSA-IDK-5/923/2019 Dt.30.09.2019 ന്റെ അടിസ്ഥാനത്തിൽ അടവാക്കിയ തുകയാണ്. |
| ആകെ | | 10058 | - | - |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഒന്നുമില്ല.

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവ രം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 8150096 |
| ഓഡിറ്റ് വർഷത്തെ വരവ് | 60998535 |
| ആകെ | 69148631 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 61275905 |
| നീക്കിയിരിപ്പ് | 7872726 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 380050 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 44071 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 300000 | ശ്രീ. സുരേഷ്.പി, അസി. സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 44071 | ശ്രീ.റഷീദ്.ഇ, അസി.എഞ്ചിനീയർ |

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| | | |
|---|---|---|
| 1-26 | 30762 | ശ്രീ. റഷീദ്.ഇ. , അസി.എഞ്ചിനീയർ |
| | 23102 | ശ്രീ. രാജൻ.എൻ.എ, അസി.എഞ്ചിനീയർ |
| | 3051 | ശ്രീമതി. സിത്താര.പി. അസി.എഞ്ചിനീയർ |
| 1-27 | 11919 | ശ്രീമതി. സിത്താര.പി. അസി.എഞ്ചിനീയർ |
| | 3740 | ശ്രീ. രാജൻ.എൻ.എ, അസി.എഞ്ചിനീയർ |
| | 7476 | ശ്രീ. റഷീദ്.ഇ. , അസി.എഞ്ചിനീയർ |

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സുരേഷ്.പി, അസി.സെക്രട്ടറി | അസി. സെക്രട്ടറി | സാന്ദ്രം ഹൗസ് , എതിർപണം(പി.ഒ)., മണ്ണാർക്കാട്- പാലക്കാട് |
| ശ്രീ. റഷീദ്.ഇ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ | ഇളമ്പിലാവിൽ ഹൗസ്, ഭീമനാട് (പി.ഒ), പാലക്കാട് ജില്ല. |
| ശ്രീമതി.സിത്താര.പി, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ | വെളിയത്ത് ഹൗസ്, പോലോട് (പി.ഒ) തച്ചനാട്ടുകര പാലക്കാട് |
| ശ്രീ.രാജൻ.എൻ.എ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ | പുത്തൻവീട് മണിക്കശ്ശേരി (പി.) പാലക്കാട് |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികൾ |
|---|---|---|
| 1996-97 | LFP4/50/02/22.01.02 | മുഴുവൻ |
| 1997-98 | LFP4/51/02/22.01.02 | -ടി- |
| 1998-99 | LFP9/681/04/18.08.04 | -ടി- |
| 1999-00 | LFP9/186/05/28.01.06 | -ടി- |
| 2000-01 | LFP9/180/07/14.02.08 | -ടി- |
| 2001-02 | LFP9/48/09/18.11.10 | -ടി- |
| 2002-03 | LFP9/48/09/20.12.10 | -ടി- |

| | | |
|---|---|---|
| 2003-04 | LFP9/2180/13/30.12.13 | -ടി- |
| 2004-05 | LFP9/2181/13/30.12.13 | -ടി- |
| 2005-06 | LFP9/2182/13/30.12.13 | -ടി- |
| 2006-07 | LFP9/2183/13/30.12.13 | -ടി- |
| 2007-08 | LFP9/1797/13/13.12.13 | -ടി- |
| 2008-09<br>2009-10<br>2010-11 | LFP9/1722/12/ 10-10-2012 | -ടി- |
| 2011-12 | LFP9/308/14/21.03.14 | -ടി- |
| 2012-13 | LFP9/222/15/10.3.15 | -ടി- |
| 2013-14 & 2014-15 | നം.കെ.എസ്.എ-പികെഡി 9/ 1011/16 തീ.14-7-16 | -ടി- |
| 2015-16 | നം.കെ.എസ്.എ-പി.കെ.ഡി. 9-223/2017 തീ.8.2.2017 | -ടി- |
| 2016-17 | നം.കെ.എസ്.എ-പി.കെ.ഡി. 9-1745/17 തീയതി- 13.11.17 | -ടി- |
| 2017-18 | നം.കെ.എസ്.എ-പി.കെ.ഡി.9-454/2017 തീ.21.5.2019 | ടി |
| 2018-19 | നം.കെ.എസ്.എ-പി.കെ.ഡി. 9-121/2020 തീ. 12-5-2020 | ടി |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

3

## വാർഷിക ധനകാര്യ കണക്കുകളുടെ സംക്ഷിപ്തം

| | | | |
|---|---|---|---|
| Thachampara Grama Panchayat BALANCE SHEET | | | |
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 4173458.00 |
| 312000000 | Reserves | B-3 | 45784301.00 |
| | Total Reserve & Surplus | | 49957759.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 2297524.00 |
| | Total Grants, Contributions for Specific Purposes | | 2297524.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 23547059.00 |
| | Total Loans | | 23547059.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 629074.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 738961.00 |
| | Total Current Liabilities and Provisions | | 1368035.00 |
| | TOTAL LIABILITIES | | 77170377.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 53731489.00 |
| 411000000 | Accumulated Depreciation | B-11 | -7554215.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 46177274.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 416826.00 |

| | | | |
|---|---|---|---|
| 440000000 | Pre-paid Expenses | B-16 | 21547059.00 |
| 450000000 | Cash and Bank Balance | B-17 | 7872726.00 |
| 460000000 | Loans, Advances and Deposits | B-18 | 1156492.00 |
| | Total Current Assets, Loans and Advances | | 30993103.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 77170377.00 |

Deputy Director

| Thachampara Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 3502999.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 21000.00 |
| 140000000 | Fee & User Charges | I-4(b) | 346906.00 |
| 150000000 | Sale & Hire Charges | I-5(b) | 90959.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 77080139.00 |
| 171000000 | Interest Earned | I-8 | 179486.00 |
| 180000000 | Other Income | I-9 | 59550.00 |
| | Total Income | | 81281039.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8901937.00 |
| 220000000 | Administrative Expenses | I-11(b) | 1566761.00 |
| 230000000 | Operations & Maintenance | I-12(b) | 1105506.00 |
| 240000000 | Interest & Finance Charges | I-13 | 4663.00 |
| 250000000 | Decentralised Plan | I-14 | 4159650.00 |

| | | | |
|---|---|---|---|
| | Programme-Productive Sector / Programme Expenses | | |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 40329707.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2009052.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 391051.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 19859880.00 |
| 255000000 | Maintenance Projects | I-14(e) | 1483065.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 1209504.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 66000.00 |
| 272000000 | Depreciation | I-17(a) | 4646036.00 |
| | Total Expenditure | | 85732812.00 |
| | Gross Surplus/ Deficit of income over Expenditure | | -4451773.00 |
| 280000000 | Prior Period Item | I-18 | 28769.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -4480542.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

Deputy Director

| Thachampara Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |

| | | | |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 8060603.00 |
| Cash | Cash | RP-40(a) | 89493.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 893540.00 |
| 130000000 | Rental income from Panchayat Properties | RP-3 | 21000.00 |
| 140000000 | Fees & User Charges | RP-4 | 278306.00 |
| 150000000 | Sale & Hire Charges | RP-5 | 90959.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 33593771.00 |
| 171000000 | Interest Earned | RP-9 | 179486.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 6674007.00 |
| 350000000 | Other Liabilities | RP-36 | 157179.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 37550.00 |
| 330000000 | Secured Loans | RP-32 | 15520000.00 |
| 340000000 | Deposits Received | RP-34 | 272450.00 |
| 350000000 | Other Liabilities | RP-36 | 117364.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2106526.00 |
| 460000000 | Loans, Advances and Deposits | RP-47 | 1056397.00 |
| | Grand total | | 69148631.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3732974.00 |
| 220000000 | Administrative Expenses | RP-12 | 1530776.00 |
| 230000000 | Operations & Maintenance | RP-13 | 1105506.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 4159650.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 15354663.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 2009052.00 |

| | | | |
|---|---|---|---|
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 391051.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 269880.00 |
| 255000000 | Maintenance Projects | RP-20 | 1483065.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 1209504.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 66000.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 128249.00 |
| 350000000 | Other Liabilities | RP-36 | 4015802.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 4663.00 |
| 280000000 | Prior Period Item | RP-26 | -3610.00 |
| 330000000 | Secured Loans | RP-32 | 720928.00 |
| 340000000 | Deposits Received | RP-34 | 193912.00 |
| 350000000 | Other Liabilities | RP-36 | 1258663.00 |
| 410000000 | Fixed Assets | RP-38 | 8476840.00 |
| 412000000 | Capital work in Progress | RP-40 | 0.0 |
| 440000000 | Pre-paid Expenses | RP-45 | 13520000.00 |
| 460000000 | Loans, Advances and Deposits | RP-47 | 1648337.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 7872726.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 69148631.00 |

Deputy Director